# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പീരുമേട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-1041/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പീരുമേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-1041/2023 തീയ്യതി: 28/11/2023

## ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-02-2023 മുതൽ 24-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 25-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി. ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.അശ്വതി വി.നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ
ശ്രീമതി.ഷൈനി എം. ആർ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എസ്. സാബു | പ്രസിഡന്റ് | 01-04-2022 | 14-12-2022 |
| ശ്രീമതി ലക്ഷ്മി ഹെലൻ | പ്രസിഡന്റ് | 15-12-2022 | 03-01-2023 |
| ശ്രീ. ആർ.ദിനേശൻ | പ്രസിഡന്റ് | 04-01-2023 | 31-03-2023 |
| ശ്രീ. അനിൽകുമാർ .എസ്.എൽ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽകുമാർ .എസ്.എൽ | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീകുമാർ. വി.കെ. | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീമതി അഞ്ചന. പി | അസിസ്റ്റൻറ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീ. സ്റ്റീഫൻ . റ്റി | അസിസ്റ്റൻറ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ. മണികണ്ഠൻ .എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷൈലജ.എം.ഐ. | ഹെഡ്മിസ്ട്രസ് ഗവ.എൽ.പി.സ്കൂൾ | 01-04-2022 | 31-03-2023 |
| ഡോ.ബി.ഗണേശൻ | വെറ്ററിനറി സർജൻ | 01-04-2022 | 30-10-2022 |
| ഡോ.എം.പിച്ചൈമുരുകൻ | വെറ്ററിനറി സർജൻ | 31-10-2022 | 31-03-2023 |
| ഡോ.ഡോൺ ബോസ്കോ | മെഡിക്കൽ ഓഫീസർ (സി.എച്ച് സി) | 01-04-2022 | 25-03-2023 |
| ഡോ.വെങ്കിട ലക്ഷ്മി | മെഡിക്കൽ ഓഫീസർ (സി.എച്ച് സി) | 26-03-2023 | 31-03-2023 |
| ഡോ.അഫ്സൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 15-04-2022 |
| ഡോ.ധന്യാ ഡേവിഡ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 16-04-2022 | 31-03-2023 |
| ഡോ.ടിങ്കിൾ തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-12-2022 |
| ഡോ.ഇന്ദു വി സുധാകരൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-01-2023 | 31-03-2023 |
| ശ്രീമതി അനുപ്രിയ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. എ. സി. മനോജ് | വി. ഇ. ഒ. | 01-04-2022 | 31-03-2023 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | രസീത് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി - ഗുണഭോക്തൃവിഹിതം ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക കൃത്യമല്ല | 1-1-4 |
| 6 | ബാങ്കിൽ നേരിട്ട് ക്രഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല - MGNREGS ഇനത്തിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല- മുൻകൂർ നൽകിയ തുക യഥാർത്ഥ ചെലവായി അക്കൗണ്ട് ചെയ്തു. | 1-1-6 |
| 8 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ല - വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല | 1-1-7 |
| 9 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-9 |
| 11 | വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |
| 14 | മെയിന്റനൻസ് ഫണ്ട് (റോഡ്, റോഡിതരം) വിനിയോഗത്തിലെ പിഴവ്- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് അരക്കോടിയിലേറെ രൂപ | 1-3-1 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | ടാറിംഗ് /റീടാറിംഗ് പ്രവൃത്തികൾ ഓട നിർമാണത്തിലവസാനിപ്പിക്കുന്നു. | 1-4-1 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 18 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-6 |
| 19 | ക്യാഷ് പരിശോധന | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 21 | സ്ഥിരനിക്ഷേപം സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | 1-9 |
| 22 | തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | 1-10 |
| 23 | അസി.എൻജിനിയറുടെ ബാങ്ക് അക്കൗണ്ടിലെ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് ക്രമീകരിച്ചില്ല | 1-11 |
| 24 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-12 |
| 25 | തനത് വിഭവ സമാഹരണം- അവലോകനം | 1-13 |
| 26 | 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു | 1-14 |
| 27 | മരിയൻ കോളേജിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കൽ നടപടിയിൽ പുരോഗതിയില്ല | 1-15 |
| 28 | സർക്കാർ ഉത്തരവ് പ്രകാരമുള്ള തറവിസ്തീർണം പരിഗണിക്കാതെ വസ്തുനികുതി ഒഴിവാക്കി | 1-16 |
| 29 | വൻകിട കെട്ടിടനിർമാണം ക്രമവത്ക്കരിക്കാതെയും നികുതി നിർണയിക്കാതെയും ശേഷിക്കുന്നു | 1-17 |
| 30 | വാണിജ്യ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-18 |

| | | |
|---|---|---|
| 31 | തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക തിരികെ ക്രമീകരിച്ചില്ല | 1-19 |
| 32 | വെള്ളക്കരം-പൊതുടാപ്പുകളുടെ സംയുക്തപരിശോധനയ്ക്ക് നടപടികളായില്ല | 1-20 |
| 33 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-21 |
| 34 | മരുന്നു വാങ്ങൽ പദ്ധതി-വിതരണ ഏജൻസി മരുന്ന് പൂർണമായും ലഭ്യമാക്കിയില്ല | 1-22 |
| 35 | ലൈഫ് ഭവന പദ്ധതി - നിർമ്മാണത്തിൽ പുരോഗതിയില്ല | 1-23 |
| 36 | സ്മാർട്ട് ക്ലാസ് റൂമിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ-കരാർ സ്ഥാപനത്തിൽനിന്ന് GST ഈടാക്കിയില്ല | 1-24 |
| 37 | ഉയർന്ന നിരക്കുള്ളതും സൈറ്റിൽ അനിവാര്യമല്ലാതിരുന്നതുമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി | 1-25 |
| 38 | തെപ്പക്കുളം ഗവ. എൽ.പി.എസ് നവീകരണം- എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം ചെയ്യാതെ തന്നെ പ്രതിഫലം അനുവദിച്ചു | 1-26 |
| 39 | തോട്ടാപ്പുര മാലിന്യ സംസ്കരണ പ്ലാന്റിൽ കുടിവെള്ള ടാങ്ക് നിർമാണം- ടാങ്ക് നിർമ്മിച്ചതിൽ പ്രോജക്ട് അവസാനിച്ചു | 1-27 |
| 40 | നിക്ഷേപ -ഫണ്ട് കൈമാറൽ പ്രോജക്ടുകൾ-വിനിയോഗ വിവരം ലഭ്യമായില്ല | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഉയർന്ന നിരക്കുള്ളതും സൈറ്റിൽ അനിവാര്യമല്ലാതിരുന്നതുമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലം പഞ്ചായത്തിന് നഷ്ടം | 3-1 |
| 2 | തെപ്പക്കുളം ഗവ. എൽ.പി.എസ്. നവീകരണം- എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം ചെയ്യാതെ തന്നെ പ്രതിഫലം അനുവദിച്ചതുമൂലം പഞ്ചായത്തിന് നഷ്ടം | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26-07-2023ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 26-07-2023ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31- ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
28.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക

ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹34,64,212/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-20,52,38,490/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 രസീത് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി - ഗുണഭോക്തൃവിഹിതം ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക കൃത്യമല്ല

കൃഷി ഓഫീസർ 2021-22 വർഷം ഗുണഭോക്തൃവിഹിതം ഇനത്തിൽ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയതും ചെലവഴിക്കാത്തതുമായ ₹133977/- വകയിരുത്തി (പ്രോജക്ട് നം.113/23) സംയോജിത കാർഷിക വികസനം ജനറൽ (So) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയും ചെക്ക് നം.288891/28.03.2023 പ്രകാരം ഈ തുക സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തെ ബാലൻസ് ഷീറ്റിൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃവിഹിതം ഇനത്തിലെ തുക തെറ്റായ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രോജക്ട് നം.113/23 പച്ചക്കറികൃഷി മട്ടുപ്പാവ് കൃഷി എന്ന പദ്ധതി പ്രകാരം ₹33,283/- രസീത് നമ്പർ 1220302879/29.03.2023 പ്രകാരം പഞ്ചായത്തിൽ അടവാക്കുകയും ചെക്ക് നമ്പർ 28920/31.03.2023 പ്രകാരം ഈ തുക സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ILGMS പ്രകാരം ഈ തുക ചെലവിനത്തിൽ കാണിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതം ഇനത്തിലെ തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് ഇപ്രകാരമുള്ള അപാകങ്ങൾ സംഭവിക്കുന്നത്. തുക കൃത്യമായ ശീർഷകത്തിൽ വരവിലും ചെലവിലും ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-1-5 ബാങ്കിൽ നേരിട്ട് ക്രഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല - MGNREGS ഇനത്തിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

MGNREGS ഇനത്തിലെ നീക്കിയിരിപ്പ് ₹992/- ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം ₹619164/- നീക്കിയിരിപ്പ് ഉണ്ട്.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| AFS പ്രകാരം | 824 | 168 | 0 | 992 |
| പാസ്സ്ബുക്ക് പ്രകാരം | 824 | 1092610 | 474270 | 619164 |

പാസ്സ്ബുക്കിൽ വരവ് വന്ന ₹618172 ബാങ്ക് ബുക്കിൽ യഥാസമയം വരവിലെടുത്തിട്ടില്ല.

1-1-6 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല- മുൻകൂർ നൽകിയ തുക യഥാർത്ഥ ചെലവായി അക്കൗണ്ട് ചെയ്തു.

വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പ്രോജക്ടുകൾക്ക് വേണ്ടി ചെലവഴിച്ചതും നിർവ്വഹണ ഏജൻസികൾക്ക്

കൈമാറിയതുമായ മുൻകൂറുകൾ യഥാർത്ഥ ചെലവായാണ് കണക്കുകളിൽ രേഖപ്പെടുത്തിയത്. തന്മൂലം ക്രമീകരിക്കാൻ ശേഷിക്കുന്ന മുൻകൂറുകളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ (ധനകാര്യ പത്രികയുടെ ബി-18 പട്ടിക) സമഗ്രമല്ല .

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഗ്രാമപഞ്ചായത്ത് സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവഴിച്ച തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| 1 | പ്രോജക്ട് നം. 35/23<br>MGNREGS പ്രവൃത്തി സൈറ്റുകളിലേയ്ക്ക് അനുബന്ധ സൗകര്യമൊരുക്കൽ | ₹449764 | തനത് ഫണ്ടിൽ നിന്നുള്ള മുൻകൂർ |
| 2 | പ്രോജക്ട് നം. 39/23<br>MGNREG ഓഫീസിലേയ്ക്ക് ലാപ്ടോപ്പും പ്രിന്ററും വാങ്ങൽ | ₹144631 | - ടി - |
| 3 | പ്രോജക്ട് നം. 01/2022-23<br>സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ₹1400025 | തനതു ഫണ്ടിൽ നിന്നുള്ള മുൻകൂർ – അനെർട്ടിന് നൽകിയത് |
| 4 | പ്രോജക്ട് നം. 258/23<br>പ്ലാക്കത്തടം എസ്. റ്റി. കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് | ₹202400 | - ടി - |
| 5 | പ്രോജക്ട് നം.289/23<br>പ്ലാക്കത്തടം എസ്. റ്റി. കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് | ₹202400 | - ടി - |
| 6 | പ്രോജക്ട് നം.310/23<br>സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | ₹2000000 | - ടി - |

1-1-7 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ല - വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല

1) (എ) അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഇനങ്ങളിൽ അഡ്വാൻസ് നൽകിയതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

(ബി) മുൻകൂറായി ലഭിക്കുന്ന തുക വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വിവിധ ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

(സി) വാർഷിക ധനകാര്യ പത്രിക പ്രകാരം KSEB, KWA തുടങ്ങിയ സ്ഥാപനങ്ങൾക്ക് അഡ്വാൻസ് തുക നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ഈയിനങ്ങളിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

2. ഗ്രാന്റ് വിനിയോഗ രജിസ്റ്റർ (ACR) സൂക്ഷിക്കുന്നില്ല.

ധനകാര്യപത്രികയിൽ സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം എന്ന ശീർഷകത്തിൻ കീഴിൽ ഗണ്യമായ തുക ഉൾപ്പെടുത്തി വിനിയോഗിക്കുകയും നിലനിർത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവയുടെ കൃത്യമായ സ്രോതസ് വിഹിതം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കണക്കുകളിൽ അവ്യക്തതയുണ്ട്.

1-1-8 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം ജേർണൽ വൗച്ചർ പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ

രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

1-1-10 വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ഭരണസമിതി അംഗീകാരം | I(1)/തീ. 24.03.2022 |
| ബജറ്റ് പുതുക്കൽ | I(12)/തീ. 20.03.2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 1644279 |
| വരവ് | 265373200 |
| ആകെ | 267017479 |
| ചെലവ് | 265581290 |
| നീക്കിയിരിപ്പ് | 1436189 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കുംപ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പൂർണമായി പാലിച്ചിട്ടില്ല. നവംബർ മാസമുള്ള വിവരശേഖരണം, ജനവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എന്നിവ കലണ്ടർ പ്രകാരം നടന്നിട്ടില്ല. 22.02.2022- ൽ ഘടകസ്ഥാപനങ്ങളിൽ നിന്ന് ബജറ്റ് എസ്റ്റിമേറ്റ് ശേഖരിച്ചതു മാത്രമാണ് ഇതിനൊരു അപവാദം.

ഭരണസമിതി തയ്യാറാക്കി അംഗീകരിച്ച ബജറ്റും ധനകാര്യപത്രികയും തമ്മിൽ ചെറുതല്ലാത്ത അന്തരം നിലനിൽക്കുന്നു. കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കൽ പ്രക്രിയ പുരോഗമിച്ചിട്ടില്ലെന്ന് അവയിലെ തുകകളും ധനകാര്യപത്രികയിലെ തുകകളും തമ്മിലുള്ള താരതമ്യം വ്യക്തമാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---:|---:|
| വസ്തു നികുതി | 1,00,00,000 | 57,96,530 |
| ലേലം, വിൽപനകൾ | 1,70,000 | 48,400 |
| ബാങ്ക് പലിശ | 2,60,000 | 88,540 |
| എസ്റ്റാ. ചെലവുകൾ | 2,16,75,000 | 1,62,69,751 |
| സംരക്ഷണ – നടത്തിപ്പ് ചെലവുകൾ | 39,63,000 | 15,27,008 |

ഓരോ വർഷവും പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടപ്പെടുന്നുവെങ്കിലും ക്രിയാത്മകമായി വിഷയത്തെ സമീപിക്കുന്നില്ല എന്ന് കാണുന്നു. ഉചിത പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ

സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ്₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 22472000 | 22472000 | 19843510 | 0 |
| | എസ്.സി.പി | 0 | 17946000 | 17946000 | 16430904 | 0 |
| | റ്റി.എസ്.പി. | 0 | 655000 | 655000 | 546587 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Tied | 3885377 | 5862000 | 9747377 | 5131284 | 4616093 |
| | Untied | 408353 | 7078510 (3908000+ 231323(പലിശ) + 2939187) | 7486863 | 5511949 | 1974914 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 8792000 | 8792000 | 6308496 | 0 |
| | റോഡ് | 0 | 16500000 | 16500000 | 8359919 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | ഐ.സി.ഡി.എസ് | 2263747 | 1475626 | 3739373 | 389249 | 3350124 |
| | ശുചിത്വമിഷൻ | 1116812 | 0 | 1116812 | 0 | 1116812 |
| | ടോട്ടൽ സാനിട്ടേഷൻ | 1308827 | 0 | 1308827 | 0 | 1308827 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശബരിമല ഗ്രാന്റ് | 255072 | 939000* | 1194072 | 583443 | 610629 |
| | വിമുക്തി | 2230 | 0 | 2230 | 0 | 2230 |
| | ഗ്രാന്റ്(320300199) | 22607413 | 3196800 | 25804213 | 2115000 | 23689213 |
| | ഗ്രാന്റ്(320200399) | 410680 | 589150 | 999830 | 989150 | 10680 |
| Flood Relief Grant | | 227842 | 0 | 227842 | 0 | 227842 |
| Literacy Scheme Grant | | 0 | 14925 | 14925 | 5500 | 9425 |
| ഹെൽത്ത് ഗ്രാന്റ് (PHC) | | 0 | 270363 | 270363 | 0 | 270363 |
| ഹെൽത്ത് ഗ്രാന്റ് (Infrastructure) | | 0 | 511866 | 511866 | 0 | 511866 |

* ശബരിമല ഗ്രാന്റിന്റെ വരവിനത്തിൽ RP-30 പ്രകാരമുള്ള ₹5,39,000/- യോടൊപ്പം 2021-22 ലെ വരവായ ₹4,00,000/- ഉൾപ്പെടുന്നുണ്ട്. (2021-22 ൽ 320200399 ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരുന്ന തുക)

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, വരവിൽ (അലോട്ട്മെന്റ് ) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 5289976 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1629600 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 3735516 |
| വികസന ഫണ്ട്-റ്റി.എസ് .പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 159183 |

2) സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ.വികസന ഫണ്ട്-ജനറൽ, എസ്.സി.പി., റ്റി.എസ്.പി.)

3) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

4) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ

സൂക്ഷിച്ചിട്ടില്ല.

5) 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ നീക്കിയിരിപ്പ് ₹3,11,51,735/- ആണ്. ഇതിൽ ടൈഡ് ഇനത്തിലെയും ബേസിക്ക് ഗ്രാന്റ് ഇനത്തിലെയും തുക ഉൾപ്പെടുന്നുണ്ട്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ചെലവ് പത്രിക എന്നിവ പ്രകാരം ടൈഡ് ഇനത്തിലെ ചെലവ് ₹78,45,052/- യും ബേസിക്ക് ഗ്രാന്റ് ഇനത്തിലെ ചെലവ് ₹59,51,215/- യും ആണ്. പി.എഫ്.എം.എസ്. പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം. ILGMS പ്രകാരമുള്ള കണക്കുകളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ബേസിക്ക് ഗ്രാന്റ് ഇനത്തിലെ വരവിൽ ബാങ്ക് പലിശ ഇനത്തിലെ ₹2,31,323/- യും ജേണൽ നം.42201450/31.03.2023 പ്രകാരം അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത ₹29,39,187/- യും ഉൾപ്പെടുന്നുണ്ട്.

1-3-1 മെയിന്റനൻസ് ഫണ്ട് (റോഡ്, റോഡിതരം) വിനിയോഗത്തിലെ പിഴവ്- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് അരക്കോടിയിലേറെ രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്.)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷം ക്യാരിഓവർ ചെയ്ത് ലഭിക്കുന്നത്. ബാക്കി തുക ലാപ്സാകുന്നതാണ്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ആസ്തി പരിപാലന ഗ്രാന്റ് (റോഡ്, റോഡിതരം) ഇനങ്ങളിൽ നിശ്ചിത 80% ചെലവഴിക്കാനാകാത്തതിനാൽ ഷോർട്ട് ഫോളായി ₹55,65,185 /- ആണ് ലാപ്സാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | ക്യാരി ഓവർ ചെയ്ത് ലഭിക്കുന്ന തുക ( ₹) | ലാപ്സായ തുക |
|---|---|---|---|---|---|
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 16500000 | 8359919 | 50.67 | 3300000 | 4840081 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 8792000 | 6308496 | 71.75 | 1758400 | 725104 |
| ആകെ | | | | | 5565185 |

ഗ്രാമപഞ്ചായത്തിന് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുക പ്രോജക്ടുകൾക്ക് വകയിരുത്തിയത് സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ വരുന്നത്, തുടർവർഷങ്ങളിൽ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കാനിടയാക്കുന്നുണ്ട്. ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 250 | 246888244 | 178 | 83076375 | 72 | 71.2 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 11 | 8431282 | 6223515 |
| വെറ്ററിനനറി സർജൻ | 04 | 04 | 611033 | 595594 |
| MO(CHC) | 07 | 03 | 2377514 | 937514 |
| MO(ISM) | 02 | 02 | 820000 | 804279 |
| MO(HOM) | 02 | 02 | 170000 | 165392 |
| VEO | 15 | 06 | 145333434 | 19394700 |
| ICDS SUPERVISER | 07 | 07 | 5677900 | 5452409 |
| ഗ്രാമപഞ്ചായത്ത് Secretary | 59 | 35 | 35109918 | 20142408 |
| ഹെഡ്മാസ്റ്റർ GLPS | 09 | 08 | 2265000 | 1898123 |
| AE,LID & EW | 128 | 96 | 44543537 | 26305457 |
| Asst. Secretary | 04 | 04 | 1548626 | 1156984 |
| ആകെ | 250 | 178 | 246888244 | 83076375 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 11.05.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 14.05.2022 മുതൽ 22.05.2022 വരെ |
| പദ്ധതി രൂപീകരണ ഊരുകൂട്ടം | 14.05.2022 |
| വികസന സെമിനാർ | 08.06.2022 |
| ഭരണാനുമതി | I(1)/ തീ. 22.06.2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം( ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 677/2022/DPC/DPO/IDK തീ. 06.03.2023 |

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.
- പ്രവർത്തന കലണ്ടർ കൃത്യമായി പാലിക്കാത്തതിനാൽ പ്രോജക്ടുകളുടെ നിർവഹണത്തിൽ പുരോഗതിയില്ല. ഏറ്റെടുത്ത 250 പ്രോജക്ടുകളിൽ 72 എണ്ണം നടപ്പാക്കാൻ കഴിഞ്ഞില്ല.
- വികസന ഫണ്ട് സർക്കാർ നിശ്ചയിച്ച പരിധിയിലധികം ചെലവഴിക്കാനായെങ്കിലും മെയിന്റനൻസ് ഫണ്ട് (റോഡ്,

റോഡിതരം) വിനിയോഗത്തിലെ പിഴവ് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് അരക്കോടിയിലേറെ രൂപ.

- കാർഷിക-മൃഗസംരക്ഷണ-ക്ഷീര വികസന മേഖലകളിൽ ഗണ്യമായ തുക ചെലവഴിക്കാനായത് മികച്ച നേട്ടമായി വിലയിരുത്തുന്നു.
- അസി. എൻജിനിയർ നടപ്പാക്കിയ പ്രോജക്ടുകളിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു വഴി അധികച്ചെലവുണ്ടായി.
- എം.സി.എഫിനു വേണ്ടി ആവിഷ്കരിച്ച കുടിവെള്ള പദ്ധതി ടാങ്ക് നിർമാണത്തിൽ ഒതുങ്ങി.
- തെപ്പക്കുളം സ്കൂൾ നവീകരണത്തിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ പൂർണമായി നടപ്പാക്കിയില്ല.
- ഗവ. യു.പി. സ്കൂൾ ഹെഡ്മാസ്റ്റർ നടപ്പാക്കിയ വാങ്ങൽ പ്രോജക്ടുകളുടെ ബില്ലിൽ നിന്ന് ജി.എസ്.ടി. കുറവു ചെയ്യാതിരുന്നതു മൂലം സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചു. വിശദ പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

അപാകങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനോപകാരപ്രദവുമായി നടപ്പാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. വിവിധ സമിതികളുടെ അടിയന്തിരശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-4-1 ടാറിംഗ് /റീടാറിംഗ് പ്രവൃത്തികൾ ഓട നിർമാണത്തിലവസാനിപ്പിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ റോഡുകൾ നവീകരിക്കുന്നതിനായി വൻതുകകൾ വകയിരുത്തി, ടാറിംഗ്/ റീടാറിംഗ് പ്രവൃത്തിക്കുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി, ആവിഷ്കരിച്ച പ്രോജക്ടുകൾ ഐറിഷ് ഓട നിർമാണത്തിൽ അവസാനിപ്പിക്കുന്ന പ്രവണത മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ അതിന് പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും അപാകത ആവർത്തിക്കാതിരിക്കുന്നതിനും പകരം അതേ രീതിയിൽ പ്രവൃത്തികൾ നിർവഹിച്ചതായാണ് രേഖകൾ സൂചിപ്പിക്കുന്നത്. തൻവർഷം ഇത്തരത്തിൽ നടപ്പാക്കിയ റോഡ് നവീകരണ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം., പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | എസ് 278/23 56-ാം മൈൽ കരടിക്കുഴി പോക്കാനം റോഡ് റീ-ടാറിംഗ് | 768624 | 141170 |
| 2 | എസ് 215/23 കുരിശുമൊട്ട വരുവേൽ റോഡ് റീ-ടാറിംഗ് | 900000 | 427286 |
| 3 | എസ് 169/23 ഗ്ലെൻമേരി ഫാക്ടറി മോടകപ്പാറ റോഡ് പുനരുദ്ധാരണം | 962266 | 452330 |

മികച്ച ലാഭവിഹിതം ലഭ്യമാകുന്ന ഇനങ്ങൾ ആദ്യം ചെയ്ത ശേഷം പ്രോജക്ട് ഉപേക്ഷിക്കുന്നത് ഒട്ടുംതന്നെ ആശാസ്യമായ പ്രവണതയല്ല. പ്രസ്തുത നടപടി പ്രോജക്ടുകൾക്കുവേണ്ടി ഓരോ വർഷവും വകയിരുത്തുന്ന സർക്കാർ ഗ്രാന്റ് നഷ്ടപ്പെടുന്നതിനും കാരണമാകുന്നു. ഗ്രാമീണ റോഡുകളിൽ മിക്കവയുടെയും അവസ്ഥ ശോചനീയമായിരിക്കുകയും ആസ്തി പരിപാലന ഗ്രാന്റുകളുടെ വിനിയോഗ മാർഗരേഖയിലെ വ്യവസ്ഥകൾ സർക്കാർ കർശനമാക്കുകയും ചെയ്തിരിക്കെ ഇത്തരത്തിൽ ഫണ്ട് പാഴാക്കുന്ന പദ്ധതി പ്രവർത്തനം പുതുതായി റോഡ് നവീകരണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനെ വളരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയിട്ടും അത് അവഗണിച്ച് പ്രോജക്ട് നടപ്പാക്കിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അനാരോഗ്യകരമായ ഇത്തരം പദ്ധതി പ്രവർത്തനങ്ങൾ ശരിയായ വികസന പരിപ്രേക്ഷ്യമല്ല മുന്നോട്ടുവെയ്ക്കുന്നത് എന്നതിനാൽ ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ യഥാവിധിതന്നെ നടപ്പാക്കപ്പെടുന്നുവെന്ന് മോണിട്ടറിംഗ് സമിതി കൃത്യമായി വിലയിരുത്തേണ്ടതാണ്. ഭരണസമിതി, മോണിട്ടറിംഗ് സമിതി, നിർവഹണഉദ്യോഗസ്ഥൻ എന്നിവരുടെ അടിയന്തിര ശ്രദ്ധ ഈ

വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 824 | 1092610 | 1093434 | 474270 | 619164 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 39308163 | 39308163 | 39308163 | 0 |

വാർഷികധനകാര്യപത്രികയിൽ ഈയിനത്തിലെ വരവ് ചെലവ് ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പാസ്സ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-6 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

2022-23 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1361600 | 137 |
| വിധവാ പെൻഷൻ | 10143400 | 941 |
| വാർദ്ധക്യകാല പെൻഷൻ | 30974000 | 2927 |
| വികലാംഗ പെൻഷൻ | 2667200 | 204 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 62400 | 6 |
| തൊഴിലില്ലായ്മ വേതനം | 3480 | 11 |

### 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹26089/- യുടെ (ഇരുപത്താറായിരത്തി എൺപത്തൊമ്പത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിനേഴംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന പ്രകാരം സെക്രട്ടറി, അസി.സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ് അക്കൗണ്ടന്റ്, മൂന്ന് സീനിയർ ക്ലാർക്ക്, നാല് ക്ലാർക്ക്, രണ്ട് ഓഫീസ് അറ്റന്റന്റ്, ഒരു ഡ്രൈവർ, ഒരു ഫുൾ ടൈം സ്വീപ്പർ, ഒരു പാർട്ട് ടൈം ലൈബ്രേറിയൻ എന്നിവർ സേവനം അനുഷ്ഠിക്കുന്നു.

ഇതോടൊപ്പം, കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റും, പ്രോജക്ട് അസിസ്റ്റന്റും തെരുവ് വൃത്തിയാക്കുന്നതിന് നിയോഗിക്കപ്പെട്ട ശുചീകരണ തൊഴിലാളികളും സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.
2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. അവയിൽ കാലികവും കൃത്യവുമായി രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയട്ടില്ല.
3. അതത് മാസങ്ങളിലെ വരവ് -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ 2023 ഓഗസ്റ്റ് 31-വരെ നടത്തിയിട്ടുണ്ടെങ്കിലും ക്രമീകരണങ്ങളിൽ അവ്യക്തതയുണ്ട്.

4. ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.

5. തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല. അനാവശ്യ കോടതി വ്യവഹാരത്തിലുൾപ്പെട്ട, കുട്ടിക്കാനം മരിയൻ കോളേജിന്റെ വസ്തു നികുതിയിലെ വൻകുടിശിക മൂലം സർക്കാർ ഗ്രാന്റിനത്തിൽ ഗണ്യമായ തുക നഷ്ടപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. പീരുമേട് പട്ടണത്തിനു സമീപം ദേശീയ പാതയോരത്ത് ബൃഹദ് കെട്ടിടം നിർമിച്ച് ഗാർഹിക – വാണിജ്യാവശ്യത്തിന് വർഷങ്ങളായി ഉപയോഗിച്ചു വരുന്ന വ്യക്തിക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാത്തത് ഏറെ ഗൗരവമർഹിക്കുന്ന വിഷയമാണ്.

6. വാഹനത്തിന്റെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കിൽ ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു. ഇവയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമാണ്.

7. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

8. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.

9. വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാൻ ശ്രമം നടന്നെങ്കിലും പ്രവർത്തനകലണ്ടർ പാലിച്ച് നിർവഹണ പ്രക്രിയ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതിരുന്നതിനാൽ ഗണ്യമായ പ്രോജക്റ്റുകൾ ഉപേക്ഷിക്കേണ്ടി വന്നു. ( നടപ്പാക്കിയത്-178/250)

10. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദു ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 സ്ഥിരനിക്ഷേപം സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4(D) അനുസരിച്ച്, പഞ്ചായത്തിലെ മിച്ച ഫണ്ട് നിക്ഷേപിക്കപ്പെടുന്ന സഹകരണ സ്ഥാപനങ്ങൾ ഓഡിറ്റ് തരംതിരിവിൽ 'ബി' യിൽ കുറയാത്ത പദവിയുള്ളവയായിരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2021-22, 2022-23, 2023-24 വർഷങ്ങളിൽ താഴെ പറയുന്ന സഹകരണ സ്ഥാപനങ്ങളിൽ സ്ഥിരനിക്ഷേപം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | FDനമ്പർ/കസ്റ്റമർID/തുക/ പലിശനിരക്ക് | നിക്ഷേപിച്ച/പുതുക്കിയ തീയതി | നിക്ഷേപ കാലയളവ് |
|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം | നം.0423/ ₹1500000/(7.75% പലിശ) | 01.04.2023 (പുതുക്കിയത്) | 24 മാസം |

| | | | | |
|---|---|---|---|---|
| 2 | പാമ്പനാർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. കെ.351, പീരുമേട് ശാഖ | 30200000932627/ ₹1500000/(8.50% പലിശ) | 24.03.2022 (നിക്ഷേപിച്ചത്) | 12 മാസം |
| 3 | പാമ്പനാർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. കെ.351,പീരുമേട് ശാഖ | 302000001232627/ ₹1000000 (8.50% പലിശ) | 11.05.2022 (നിക്ഷേപിച്ചത്) | 12മാസം |
| 4 | പാമ്പനാർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. കെ.351,പീരുമേട് ശാഖ | 302000129632627/ ₹1000000 (8.50% പലിശ) | 08.08.2022 (നിക്ഷേപിച്ചത്) | 6മാസം |
| ആകെ | | ₹5000000 | | |

ഗ്രാമപഞ്ചായത്ത് സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ള രണ്ട് സഹകരണ സ്ഥാപനങ്ങളുടെയും സഹകരണ വകുപ്പ് അനുവദിക്കുന്ന ഓഡിറ്റ് തരംതിരിവ് സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2/തീ.27-09-2023) നൽകിയതിനെ തുടർന്ന് ഇടുക്കി ജില്ല പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം എന്ന സ്ഥാപനം ബി ക്ലാസ്സിലുള്ളതാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടും പാമ്പനാർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. കെ.351, പീരുമേട് ശാഖ ഓഡിറ്റ് തരംതിരിവ് സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയതിനാൽ ടി ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളതും കാലാവധി പൂർത്തിയായതുമായ മൂന്ന് സ്ഥിരനിക്ഷേപങ്ങളുടെയും നിക്ഷേപതുകയും നാളിതുവരെയുള്ള പലിശയും 15 ദിവസത്തിനുള്ളിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് ഒടുക്കുവരുത്തി അറിയിക്കുവാൻ 13.09.2023-ലെ പഞ്ചായത്ത് കമ്മറ്റി യോഗം 1(1) നമ്പരായി തീരുമാനം എടുത്തിട്ടുണ്ട്. ഈ വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18.09.2023 ലെ എച്ച് എ 01/23 നമ്പർ കത്ത് പ്രകാരം പാമ്പനാർ സർവീസ് സഹകരണബാങ്ക് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. നിലവിലും തുക തനത് ഫണ്ട് അക്കൌണ്ടിൽ ഒടുക്കിയിട്ടില്ല. തുക അടിയന്തരമായി തനത് ഫണ്ട് അക്കൌണ്ടിലേയ്ക്ക് ഒടുക്കുവരുത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

പട്ടികയിലെ ക്രമ നമ്പർ 2,3,4 എന്നിവയുടെ നിക്ഷേപകാലയളവ് യഥാക്രമം 24.03.2023, 11.05.2023, 08.02.2023 എന്നീ തീയതികളിൽ അവസാനിച്ചിട്ടുള്ളതാണ്. ഈ നിക്ഷേപങ്ങൾ യഥാസമയം പുതുക്കിയിട്ടില്ല. നിക്ഷേപത്തുക പലിശ സഹിതം തനത് ഫണ്ട് അക്കൌണ്ടിൽ നിക്ഷേപിക്കാൻ നിലവിൽ ബാങ്ക് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ പലിശയിനത്തിലുള്ള തുക കൃത്യമായി കണക്കാക്കേണ്ടതും ആയത് അനുസരിച്ചുള്ള തുക തനത്ഫണ്ട് അക്കൌണ്ടിൽ അടവാക്കിയിട്ടുണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതുമാണ്.

1-10 തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം സൂക്ഷിക്കുന്നതിനും ഇ-പോസ് മെഷീൻ/QR Code Scanning വഴി അടവാക്കുന്ന തുക സൂക്ഷിക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് സൌത്ത് ഇന്ത്യൻ ബാങ്ക് പീരുമേട് ശാഖയിൽ ഒരു അക്കൗണ്ടും (അക്കൗണ്ട് നം.0144073000000176) ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതീയിതര വരുമാനം സൂക്ഷിക്കുന്നതിന് എസ്.ബി.ഐ പീരുമേട് ശാഖയിൽ ഒരു അക്കൗണ്ടും (അക്കൗണ്ട് നം.36957763468) പരിപാലിക്കുന്നുണ്ട്. ഇവ കറണ്ട് അക്കൗണ്ടുകളായതിനാൽ പലിശ ഇനത്തിലുള്ള വരുമാനം ലഭിക്കുന്നില്ല. നികുതി വരവുകൾക്കൊപ്പം പഞ്ചായത്തിന് അനുവദിക്കപ്പെട്ട ലൈഫ് ഭവന പദ്ധതി വായ്പാ തുക, സംസ്ഥാന വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയും പ്രസ്തുത അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യത്തിനായി സർക്കാർ ലഭ്യമാക്കുന്ന തുകകൾ തനതു ഫണ്ടിന്റെ ലോഡ്ജിംഗിനായി ആരംഭിച്ചിട്ടുള്ള പ്രസ്തുത അക്കൗണ്ടിൽ നിലനിർത്തി വിനിയോഗിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല.

25.09.2023 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം എസ്.ബി.ഐ.- പീരുമേട് ശാഖയിലെ അക്കൗണ്ടിൽ ₹35,42,650/- യും സൌത്ത് ഇന്ത്യൻ ബാങ്ക്- പീരുമേട് ശാഖയിലെ അക്കൗണ്ടിൽ ₹74,48,854.48/-യും അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടുകളിൽ സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 3, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2021-ലെ 58725/FM3/2008 നമ്പർ സർക്കുലർ എന്നിവ അനുസരിച്ച് തനതു വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രമാണ് സൂക്ഷിക്കാവുന്നത്. ഒന്നിലധികം ബാങ്ക് അക്കൗണ്ട് പ്രസ്തുത ആവശ്യത്തിന് നിലനിർത്തരുതെന്ന് പ്രസ്തുത സർക്കുലറിൽ കർശന നിർദ്ദേശവുമുള്ളതാണ്. പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച് കറന്റ് അക്കൗണ്ടിൽ ഭീമമായ തുക സൂക്ഷിച്ച് പലിശയിനത്തിലും ബാങ്ക് ചാർജിനത്തിലും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയ നടപടിക്ക് വിശദീകരണം നൽകേണ്ടതാണ്. പ്രസ്തുത രണ്ട് അക്കൗണ്ടുകളിലെയും തനത് ഫണ്ട് നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്യേണ്ടതാണ്. കൂടാതെ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് യഥാകാലം ക്രമീകരിച്ച് മിനിമം ബാലൻസ് മാത്രം നിലനിർത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 അസി.എൻജിനിയറുടെ ബാങ്ക് അക്കൗണ്ടിലെ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് ക്രമീകരിച്ചില്ല

വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നികുതി വിഹിതങ്ങൾ ഒടുക്കുന്നതിനും മറ്റുമായി അസി. എൻജിനീയറുടെ പേരിൽ നിലനിർത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (SBI പീരുമേട് ശാഖ, അക്കൗണ്ട് നം. 67328810621) 19.05.2023 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം ₹692706/- നീക്കിയിരിപ്പുണ്ട്. തനത് ഫണ്ട് വകയിരുത്തുന്ന പ്രോജക്ടുകളിലെ കരാറുകാരനുള്ള പ്രതിഫലം, നികുതി വിഹിതങ്ങൾ, നിരത ദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം, റീട്ടെൻഷൻ തുകകൾ എന്നിവയ്ക്കു പുറമെ ഇ-ടെൻഡർ ഫോം വിലയും നിലവിൽ പ്രസ്തുത അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. നീക്കിയിരിപ്പിലുൾപ്പെടുന്ന പ്രധാന പങ്ക് തുകയും ഗ്രാമപഞ്ചായത്തിനർഹതപ്പെട്ട തുകകളാണ്. ഇത്തരത്തിൽ ഗണ്യമായ തുക പഞ്ചായത്ത് ഫണ്ടിൽ ക്രമീകരിക്കാതെ നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ലായെന്ന വസ്തുത മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടും അത് യഥാവിധി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതെ സൂക്ഷിക്കുന്ന നടപടി അതീവ ഗൗരവമർഹിക്കുന്ന വിഷയമാണ്. ഗ്രാമപഞ്ചായത്തിന് നേരിട്ട് നിയന്ത്രണമില്ലാത്തതും ധനകാര്യപത്രികയിൽ പ്രതിഫലിക്കാത്തതുമായ അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്ന നടപടി അനാരോഗ്യകരമായ പ്രവണതകൾക്ക് കാരണമാകുമെന്നതിനാൽ നീക്കിയിരിപ്പ് തുകയിലെ ഘടകങ്ങൾ കൃത്യമായി നിർണ്ണയിച്ച്, അതത് സ്ഥാപനങ്ങളിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഭാവിയിൽ പ്രസ്തുത അക്കൗണ്ടിൽ മിനിമം ബാലൻസ് മാത്രം നിലനിർത്താനും ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-12 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണശീർഷ കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽ നിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, വാടക നിക്ഷേപം, ഇലക്ഷൻ നിക്ഷേപം, മറ്റ് നിക്ഷേപങ്ങൾ തുടങ്ങിയ ഇനങ്ങളിലായി 2013-14 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്. 2018-19 വരെയുള്ള വർഷങ്ങളിൽ നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ സജീവമല്ലാത്ത നിക്ഷേപ തുക

കാലഹരണപ്പെട്ടിട്ടുള്ളതാണ്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Contractor's EMD | 13000 |
| Bidder's EMD | 148975 |
| Supplier's SD | 19970 |
| Auction Deposit | 26000 |
| Electricity Connection- Deposit | 900 |
| Deposit Received For Halls And Auditoriums | 10493 |
| Other Deposits | 500 |
| Deposit Received From Others | 2015367 |

കാലഹരണപ്പെട്ട സിവിൽ നിക്ഷേപത്തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അതിനനുസരിച്ച് ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

1-13 തനത് വിഭവ സമാഹരണം- അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യക്കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി പീരുമേട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

പ്രധാന വരുമാന മേഖലകൾ

വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ.

ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിശകലനം ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ വിലയിരുത്തിയതായി മിനിറ്റ്സ് രേഖകളിലെ രേഖപ്പെടുത്തലുകളിൽ കാണുന്നു.

റവന്യ വിഭവ സമാഹരണത്തിൽ ഭരണസമിതിയുടെ പങ്ക്

ഭരണ സമിതി യോഗങ്ങളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. പരുന്തുംപാറ ടൂറിസം കേന്ദ്രത്തിലെ അനധികൃത വ്യവസായങ്ങൾ നിയന്ത്രിക്കുന്നതിനും തനത് വരുമാന വർദ്ധനവിനും ഉതകുന്നവിധത്തിൽ റവന്യ വകുപ്പിന്റെ അനുമതിയോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കമ്മിറ്റി ചർച്ച ചെയ്തെങ്കിലും കാര്യമായ പുരോഗതി ഈ വിഷയത്തിൽ കൈവരിച്ചിട്ടില്ല. പ്രധാന വരവിനങ്ങളുടെ നിർണയം, ഡിമാന്റ്, പിരിവ്, രേഖ സൂക്ഷിപ്പ് തുടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) വസ്തുനികുതി -നികുതി പരിഷ്കരണ നടപടിക്രമങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ ജി.ഒ (എംഎസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും,

സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ ജി.ഒ.(പി) നം 25/2023നമ്പർ ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 19.04.2023 ൽ ചേർന്ന കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 2(1)). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷം പ്രാബല്യത്തിലുണ്ടായിരുന്ന നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിലും ഉപയോഗക്രമത്തിലും ആദ്യ നികുതി നിർണയത്തിനു ശേഷം മാറ്റം വന്നിട്ടുണ്ടോയെന്ന് ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. തദനുസരണം ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതും കാഞ്ഞിരപ്പള്ളി രൂപതയുടെ ഉടമസ്ഥതയിലുള്ളതുമായ കുട്ടിക്കാനം മരിയൻ കോളേജിനായി നിർമിക്കപ്പെട്ട 98, 99, 100 നമ്പർ കെട്ടിടങ്ങളുടെ വസ്തു നികുതി യഥാകാലം നിർണയിച്ചെങ്കിലും നാളിതുവരെ ഈടാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും. ഇവയ്ക്കു പുറമെ ക്യാമ്പസിൽ അനേകം ബൃഹത് ബഹുനില മന്ദിരങ്ങൾ നികുതി വിധേയമാകാതെ ശേഷിക്കുന്നതിനാലും വസ്തുനികുതി വരുമാനത്തിൽ വൻ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-15 ൽ ചേർത്തിട്ടുണ്ട്.

പീരുമേട് വില്ലേജിലെ സർവ്വേ നം.1131-ൽപ്പെട്ട വസ്തുവിൽ ശ്രീ. വി.കെ.സഖറിയ, വലിയപറമ്പിൽ എന്ന വ്യക്തിക്ക് ഗാർഹിക-വാണിജ്യ ഗണങ്ങളിൽപ്പെട്ട കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും 2013-14, 2014-15 വർഷങ്ങളിൽ പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ ടിയാൻ നിർമാണപ്രവൃത്തികൾ യഥാകാലം നടത്തി പൂർത്തീകരണ പ്ലാൻ സഹിതം നികുതി നിർണയത്തിന് ഫോം നമ്പർ 6 പ്രകാരം അപേക്ഷ സമർപ്പിക്കുയോ നിർമാണം ക്രമവത്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ (പെർമിറ്റ് കാലയളവ് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്) ചെയ്തില്ല. വൻകിട കെട്ടിടനിർമാണം ക്രമവത്ക്കരിക്കാതെയും നികുതി നിർണയിക്കാതെയും ശേഷിക്കുന്നതു മൂലം വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-17 ൽ ചേർത്തിട്ടുണ്ട്.

ബി) തൊഴിൽ നികുതി

2022-23 സാമ്പത്തിക വർഷത്തിൽ 92 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷം ₹45,19,310/-യുടെ വരവുണ്ട്, 2021-22 വർഷം ഈ ഇനത്തിലെ വരവ് ₹43,21,625/- ആയിരുന്നു. തൊഴിൽ നികുതി തുക കൃത്യമായി ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കി വരുന്നുണ്ട്. ഈ വിഭാഗത്തിൽ കാര്യമായ വർദ്ധനവിന് സാധ്യത കുറവാണ്.

സി) ലൈസൻസ് ഫീസുകൾ

മലയോര മേഖലയായതിനാൽ വൻകിട വ്യസായങ്ങൾക്കുള്ള പശ്ചാത്തലസൗകര്യങ്ങൾ വളരെ കുറവാണ്. കുട്ടിക്കാനം, പരുന്തുംപാറ എന്നീ വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നു. വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. 12.07.2022 ലെ 1(10) തീരുമാന പ്രകാരം ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് തീരുമാനിച്ചിരുന്നു. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാർഡ് അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പട്ടിക പൂർണ്ണമല്ല. 270 സ്ഥാപനങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ആകയാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. 2021-22 വർഷത്തിൽ 308 സ്ഥാപനങ്ങൾക്ക്

ലൈസൻസ് അനുവദിച്ചിരുന്നു. എന്നാൽ 2022-23 വർഷത്തിൽ 273 സ്ഥാപനങ്ങളെ മാത്രമാണ് ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുള്ളത്. ഫീസ്, സ്ഥാപന തൊഴിൽനികുതി ഇനങ്ങളിൽ നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താൻ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതും പ്രാദേശിക പരിശോധനയുൾപ്പടെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

ഡി) വാടക , കുത്തകാവകാശം

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ഒരു പ്രധാന വരുമാന സ്രോതസ്സാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പാമ്പനാർ ഷോപ്പിംഗ് കോംപ്ലക്സിൽ 24 കടമുറികൾ ഉണ്ട് ഇവയിൽ 6 കടമുറികൾ നിലവിൽ ഉപയോഗയോഗ്യമല്ലാത്തതിനാൽ ലേലം ചെയ്ത് നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. അറ്റകുറ്റപണികൾ നടത്തി കടമുറികൾ ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഇ) രേഖ സൂക്ഷിപ്പ്

വസ്തു നികുതിയുടെ നിർണയം, ഡിമാന്റ്, പിരിവ് നടപടികൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് നിയന്ത്രിക്കുന്നത്. ILGMS സോഫ്റ്റ്‌വെയർ വിന്യാസത്തിന്റെ ഭാഗമായി നടത്തിയ ക്രമീകരണങ്ങളെത്തുടർന്ന് അതിലൂടെ ലഭിക്കുന്ന ക്രോഡീകൃത സംഖ്യകളുടെ ആധികാരികതയിൽ അവ്യക്തത നിലനിൽക്കുന്നു. മറ്റു വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

## 1-14 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വസ്തുനികുതി രേഖകൾ (സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചത്) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടം 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപെടുത്തി ₹40/-ച.മീറ്റർ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും കെട്ടിടത്തിന്റെ വിസ്തീർണ്ണം യഥാർത്ഥത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിലാണെന്ന് കാണുകയുണ്ടായി. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹60/-യാണ്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം | നിർണയിച്ച നികുതി | നിർണയിക്കേണ്ടിയിരുന്ന നികുതി | നികുതി നഷ്ടം |
|---|---|---|---|---|---|---|
| 1 | XIV/102 | മാത്യു ജോൺ, ഈറാച്ചേരിൽ, പീരുമേട് | 149 ച.മീറ്റർ | 5960 | 8940 | 2980 |

വസ്തു നികുതി നിർണയിച്ചതിൽ ₹2980/- യുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ച്, മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ള പക്ഷം പുനർനിർണ്ണയിച്ച് ഡിമാൻഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 മരിയൻ കോളേജിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കൽ നടപടിയിൽ പുരോഗതിയില്ല

പീരുമേട് ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതും കാഞ്ഞിരപ്പള്ളി രൂപതയുടെ ഉടമസ്ഥതയിലുള്ളതുമായ കുട്ടിക്കാനം മരിയൻ കോളേജിനായി നിർമിക്കപ്പെട്ട 98, 99, 100 നമ്പർ കെട്ടിടങ്ങളുടെ വസ്തു നികുതി യഥാകാലം

നിർണയിച്ചെങ്കിലും നാളിതുവരെ ഈടാക്കാൻ കഴിഞ്ഞിട്ടില്ല. ഇവയ്ക്കു പുറമെ ക്യാമ്പസിൽ അനേകം ബൃഹത് ബഹുനില മന്ദിരങ്ങൾ നികുതി വിധേയമാകാതെ ശേഷിക്കുകയും ചെയ്യുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 207 (1) (ബിഎ)-ാം വകുപ്പ് അനുസരിച്ച് (2013-ൽ വരുത്തിയ ഭേദഗതി അനുസരിച്ച്), സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററി തലം വരെയുള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളുമാണ് വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളത്. ചില സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രസ്തുത ഒഴിവ് തെറ്റായി വ്യാഖ്യാനിച്ച് കോടതി വ്യവഹാരങ്ങൾ ആരംഭിച്ചതിനെത്തുടർന്ന് സർക്കാർ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിരുന്നതുമാണ്.

എങ്കിലും മരിയൻ കോളേജ് വക കെട്ടിടങ്ങളുടെ നികുതി നിർണയിച്ച് ഡിമാന്റ് നോട്ടീസ് നൽകിയ വേളയിൽ സ്ഥാപനം അത് തിരസ്കരിക്കുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന ഗണത്തിൽപ്പെടുന്നതും സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്നവയുമാണെന്ന വാദഗതി ഉന്നയിച്ച് നികുതിയിളവ് അവകാശപ്പെടുകയാണ് ചെയ്തത്. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നികുതിയിളവ് ഉന്നത വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ പ്രസ്തുത കോളേജിന് ബാധകമല്ലെന്ന വിവരം ചൂണ്ടിക്കാട്ടി നികുതി ഈടാക്കുന്നതിനായി 04-12-2017-ൽ വീണ്ടും പുതുക്കിയ നിരക്കിൽ കുടിശ്ശിക ഡിമാന്റ് നോട്ടീസുകൾ നൽകിയിരുന്നു. 2013-14 മുതൽ 2016-17 വരെയുള്ള വസ്തു നികുതി ഈടാക്കുന്നതിനായി 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം റവന്യൂ റിക്കവറി നോട്ടീസും നൽകുകയുണ്ടായി. (നോട്ടീസ് നം.16/98 തീയതി 16.02.2018). ടി നോട്ടീസുകൾ കൈപ്പറ്റിയതിനെ തുടർന്ന് കോളേജ് അധികൃതർ നിയമനടപടികളിലേക്ക് കടന്ന് ഗ്രാമപഞ്ചായത്തിനെയും സെക്രട്ടറിയെയും എതിർകക്ഷികളാക്കി ബഹു. കേരള ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി ഫയൽ ചെയ്തു. (WP(C)No.6623/2018). 27.02.2018-ൽ റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തുകൊണ്ടുള്ള ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവുണ്ടായി. 03/03/2018- ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി ഗ്രാമപഞ്ചായത്തിനുവേണ്ടി കേസ് നടത്തുന്നതിന് അഡ്വ. ലിജി ജെ. വടക്കേടത്തിനെ ചുമതലപ്പെടുത്തിയെങ്കിലും യഥാസമയം കാര്യവിവരപ്പത്രിക സമർപ്പിക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യാതിരുന്നതിനാൽ വ്യവഹാരം നീണ്ടുപോയി. കോടതി ഇടക്കാല ഉത്തരവിലൂടെ സ്റ്റേ നീക്കിയതിനെത്തുടർന്ന്, വീണ്ടും 25.03.2021-ലെ എസ്.സി.2-1340/2021 പ്രകാരം ഗ്രാമപഞ്ചായത്ത് അരിയർ ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും ബഹു.കേരള ഹൈക്കോടതിയിലെ പുന:പരിശോധന ഹർജിയിൽ വിധിന്യായം വരുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണെന്നാണ് കോളേജ് അധികൃതർ അറിയിച്ചിട്ടുള്ളത്. നിലവിലെ അഭിഭാഷകനെ ഒഴിവാക്കി കേസ് തുടർന്നു നടത്തുന്നതിന് ഭരണസമിതി അഡ്വ. ജോയ്സ് ജോർജിനെ ചുമതലപ്പെടുത്തിയെങ്കിലും (തീരുമാനം നം.5/1 തീയതി 23.06.2021) മൂന്നു വർഷത്തിനുശേഷവും അനുകൂല വിധി നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. 2013-14- നുശേഷം കോളേജ് വൻതോതിൽ കെട്ടിട നിർമാണം ഏറ്റെടുത്ത് പൂർത്തീകരിക്കുകയും അതോടൊപ്പം പുതിയ ഒട്ടനേകം ബഹുനില മന്ദിരങ്ങളുടെ നിർമാണം പുരോഗമിക്കുകയും ചെയ്യുന്നു. കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ വൻതുകയാണ് കുടിശ്ശികയായും നികുതി നിർണയത്തിനായും ശേഷിക്കുന്നത്. റവന്യൂ ഡിമാന്റ് തുകകളുടെ പിരിവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രകടിപ്പിക്കുന്ന ഉദാസീന സമീപനം തടയുന്നതിനായി ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ജി.ഒ(എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ വികസന ഫണ്ടിൽ കുറവു വരുത്തുന്ന ശിക്ഷാ നടപടികൾ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കേസിലുൾപ്പെട്ട പ്രസ്തുത കുടിശ്ശിക ഗ്രാപഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുമെന്ന കാര്യം നിശ്ചയമാണ്. നികുതി നിർണയിച്ച കെട്ടിടങ്ങളുടെ 2016-17 വരെയുള്ള വസ്തുനികുതി കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നികുതി ചുമത്തിയ കാലയളവ് | വസ്തുനികുതി | ഗ്രന്ഥശാലാവരി | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| കെട്ടിട നം.98 | | | |
| 2013-14<br>2013-14 | 10384<br>10384 | 520<br>519 | 10904<br>10903 |
| 2014-15<br>2014-15 | 10384<br>10384 | 520<br>519 | 10904<br>10903 |
| 2015-16<br>2015-16 | 10384<br>10384 | 520<br>519 | 10904<br>10903 |
| 2016-17<br>2016-17 | 10384<br>10384 | 520<br>519 | 10904<br>10903 |
| ആകെ | | | 87228 |
| കെട്ടിട നം. 99 | | | |
| 2013-14<br>2013-14 | 77975<br>77975 | 3899<br>3899 | 81874<br>81874 |
| 2014-15<br>2014-15 | 77975<br>77975 | 3899<br>3899 | 81874<br>81874 |
| 2015-16<br>2015-16 | 77975<br>77975 | 3899<br>3899 | 81874<br>81874 |
| 2016-17<br>2016-17 | 77975<br>77975 | 3899<br>3899 | 81874<br>81874 |
| ആകെ | | | 654992 |
| കെട്ടിട നം. 100 | | | |
| 2013-14<br>2013-14 | 2796<br>2796 | 140 | 2936<br>2936 |
| 2014-15<br>2014-15 | 2796<br>2796 | 140<br>140 | 2936<br>2936 |
| 2015-16<br>2015-16 | 2796<br>2796 | 140<br>140 | 2936<br>2936 |
| 2016-17<br>2016-17 | 2796<br>2796 | 140<br>140 | 2936<br>2936 |
| ആകെ | | | 23488 |
| ഒട്ടാകെ | | | 765708 |

പ്രസ്തുത പട്ടികയിൽ പരാമർശിക്കുന്ന 03 കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക 06 വർഷങ്ങൾക്കുള്ളിൽ കാൽക്കോടിയായി വർദ്ധിച്ചുവെങ്കിൽ നികുതി വിധേയമാകാൻ ശേഷിക്കുന്ന വൻകെട്ടിടങ്ങളുടെ തുക എത്ര വർദ്ധിച്ചുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക നികുതി ഈടാക്കുന്നതിനും റവന്യൂ നഷ്ടത്തിനും സർക്കാർ ഗ്രാന്റിലെ കുറവിനും പരിഹാരം കാണുന്നതിനുമായി വിഷയം ഭരണസമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

1-16 സർക്കാർ ഉത്തരവ് പ്രകാരമുള്ള തറവിസ്തീർണം പരിഗണിക്കാതെ വസ്തുനികുതി ഒഴിവാക്കി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് അനുസരിച്ച്, വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് (പ്രസ്തുത ചട്ടങ്ങളിലെ, ചട്ടം 3 കാണുക). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ. (എം.എസ്.) 144/2015 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 4 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് 660 ചതുരശ്ര അടി (60 ചതുരശ്ര മീറ്റർ) വരെ തറ വിസ്തീർണമുള്ള വാസഗൃഹങ്ങളെയാണ് 2015-16 മുതൽ വസ്തുനികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചിട്ടുള്ള, ഗ്രാമപഞ്ചായത്ത് 14-ാം വാർഡിലെ വസ്തു നികുതി വിവരങ്ങൾ മാത്രം പരിശോധിച്ചതിൽ തന്നെ തറ വിസ്തീർണം പ്രസ്തുത പരിധി അധികരിച്ചതും വാണിജ്യ ആവശ്യങ്ങൾക്കുപോലും ഉപയോഗിക്കുന്ന ഒട്ടേറെ കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമസ്ഥന്റെ വീട് | വിസ്തീർണം |
|---|---|---|---|
| 1 | 120 | മാനേജർ, എസ്. ബി. റ്റി, പീരുമേട്, പീരുമേട് പി.ഒ., 685531 | 146.25 ച.മീ. |
| 2 | 121 | മാനേജർ, എസ്. ബി. റ്റി, പീരുമേട്, പീരുമേട് പി.ഒ., 685531 | 146.25 ച.മീ. |
| 3 | 122 | മാനേജർ, എസ്. ബി. റ്റി, പീരുമേട്, പീരുമേട് പി.ഒ., 685531 | 110.5 ച.മീ. |
| 4 | 123 | മാനേജർ, എസ്. ബി. റ്റി, പീരുമേട്, പീരുമേട് പി.ഒ., 685531 | 110.5 ച.മീ. |
| 5 | 124 | മാനേജർ, എസ്. ബി. റ്റി, പീരുമേട്, പീരുമേട് പി.ഒ., 685531 | 131.25 ച.മീ. |
| 6 | 178 | പ്രസന്ന കുമാരി, വരിയ്ക്കൽ വീട്, മേലെഴുത, പീരുമേട് പി.ഒ., 685531 | 86.7ച.മീ. |
| 7 | 188 | മാനേജർ, ചിദംബരം എസ്റ്റേറ്റ്, പീരുമേട്, പീരുമേട് പി.ഒ., 685531 | 158 ച.മീ. |
| 8 | 190 | മാനേജർ, ചിദംബരം എസ്റ്റേറ്റ്, പീരുമേട്, പീരുമേട് പി.ഒ., 685531 | 158 ച.മീ. |
| 9 | 191 | മാനേജർ, ചിദംബരം എസ്റ്റേറ്റ്, പീരുമേട്, പീരുമേട് പി.ഒ., 685531 | 158 ച.മീ. |
| 10 | 193 | മാനേജർ, ചിദംബരം എസ്റ്റേറ്റ്, പീരുമേട്, പീരുമേട് പി.ഒ., 685531 | 158 ച.മീ. |
| 11 | 194 | മാനേജർ, ചിദംബരം എസ്റ്റേറ്റ്, പീരുമേട്, പീരുമേട് പി.ഒ., 685531 | 158 ച.മീ. |
| 12 | 196 | മാനേജർ, ചിദംബരം എസ്റ്റേറ്റ്, പീരുമേട്, പീരുമേട് പി.ഒ., 685531 | 158 ച.മീ. |
| 13 | 208 | വിജയൻ, പുല്ലുകാലായിൽ, പീരുമേട്, പീരുമേട് പി.ഒ., 685531, 9961395923 (മൊബൈൽ) | 65 ച.മീ. |
| 14 | 261 | എം.കെ. സുരേഷ് കുമാർ, മംഗലശ്ശേരിൽ, പീരുമേട്, പീരുമേട് പി.ഒ., 685531, 9447524118 (മൊബൈൽ) | 69.69 ച. മീ. |
| 15 | 304 | സുനിൽ, നടുത്തൊട്ടിയിൽ, പീരുമേട്, പീരുമേട് പി.ഒ., 685531 | 81.18 ച.മീ. |
| 16 | 349 | പി.കെ.വിജയൻ, പാലോലിൽ, പ്ലാക്കത്തടം, പീരുമേട് പി.ഒ., 685531, 8547133692 (മൊബൈൽ) | 70 ച.മീ. |
| 17 | 357 | ദിലീപ്കുമാർ ശാന്തിഭവൻ, പ്ലാക്കത്തടം, പീരുമേട് പി.ഒ., 685531, 9447916995 (മൊബൈൽ) | 87.2 ച.മീ. |
| 18 | 365 | രാഘവൻ നെടുങ്ങാട്ടുശ്ശേരി, പ്ലാക്കത്തടം, പീരുമേട് പി.ഒ., 685531, 9447822117 (മൊബൈൽ) | 86.32 ച.മീ. |
| 19 | 372 | ദിവാകരൻ പി.എച്ച്., പ്ലാക്കൽ, പ്ലാക്കത്തടം, പീരുമേട് പി.ഒ., 685531 | 76.23 ച.മീ. |
| 20 | 429 | ദേവകി, മാങ്കൂട്ടത്തിൽ, പീരുമേട്, പീരുമേട് പി.ഒ., 685531 | 80 ച.മീ. |
| 21 | 435 | പരമേശ്വരൻ, മാങ്കൂട്ടത്തിൽ, പീരുമേട്, പീരുമേട് പി.ഒ., 685531 | 97.36 ച.മീ. |
| 22 | 488 | കെ സുരേഷ്, ചേലനിക്കുന്നേൽ, പീരുമേട്, പീരുമേട് പി.ഒ., 685531 | 99 ച.മീ. |
| 23 | 548 | സെയ്ഫുദീൻ, കോട്ടയ്ക്കൽ ഹൌസ്, പീരുമേട്, പീരുമേട് പി.ഒ., 685531 | 115 ച.മീ. |

സമാനരീതിയിൽ നികുതി ഒഴിവാക്കപ്പെട്ട, എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരങ്ങൾ

പുനഃപരിശോധിക്കേണ്ടതും നികുതി ഒഴിവാക്കിയതെന്ന് കണ്ടെത്തുന്നവ ഡിമാൻഡിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ച് പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-17 വൻകിട കെട്ടിടനിർമാണം ക്രമവത്ക്കരിക്കാതെയും നികുതി നിർണയിക്കാതെയും ശേഷിക്കുന്നു

പീരുമേട് വില്ലേജിലെ സർവ്വേ നം.1131-ൽപ്പെട്ട വസ്തുവിൽ ശ്രീ. വി.കെ. സഖറിയ, വലിയപറമ്പിൽ എന്ന വ്യക്തിക്ക് ഗാർഹിക-വാണിജ്യ ഗണങ്ങളിൽപ്പെട്ട കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും 2013-14, 2014-15 വർഷങ്ങളിൽ പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ ടിയാൻ നിർമാണപ്രവൃത്തികൾ യഥാകാലം നടത്തി പൂർത്തീകരണ പ്ലാൻ സഹിതം നികുതി നിർണയത്തിന് ഫോം നമ്പർ 6 പ്രകാരം അപേക്ഷ സമർപ്പിക്കുയോ നിർമാണം ക്രമവത്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ (പെർമിറ്റ് കാലയളവ് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്) ചെയ്തില്ല. ദേശീയപാത 183-ന്റെ ഓരത്ത് സ്ഥിതി ചെയ്യുന്ന ഈ വൻ കെട്ടിട സമുച്ചയത്തിന്റെ നിർമാണം വർഷങ്ങൾക്കുമുൻപ് പൂർത്തീകരിച്ച്, ഉപയോഗിച്ചു വരുന്നതാണെന്ന് കാഴ്ചയിൽത്തന്നെ മനസ്സിലാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് ഏതാനും വാരകൾ മാത്രമകലെ ദേശീയ പാതയോരത്ത് ഇത്ര വിപുലമായ രീതിയിൽ കെട്ടിടനിർമാണം നടന്ന് വർഷങ്ങൾക്കു ശേഷവും നികുതി വിധേയമാകാതെയും ക്രമവത്ക്കരണം നടത്താതെയും ശേഷിക്കുന്നത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ് വെളിവാക്കുന്നത്. അനുവദിച്ച പെർമിറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർവ്വേ നം. | കെട്ടിടത്തിന്റെ ഉപയോഗം | വിസ്തീർണം (ച.മീ.) | പെർമിറ്റ് നം.തീയതി. | പെർമിറ്റ് പുതുക്കിയ തീയതി |
|---|---|---|---|---|---|
| 2013-14 | | | | | |
| 1 | 1131 | ഡോർമിറ്ററി | 257.77 | A4-4037/13 22.07.2013 | 29.11.2018 (Valid Upto 28.11.2021) |
| 2 | 1131 | ഡോർമിറ്ററി | 279 | A4-6494/13 27.11.2013 | |
| 3 | 1131 | റസിഡൻഷ്യൽ ബിൽഡിംഗ് | 207 | A4-6493/13 21.12.2013 | |
| 2014-15 | | | | | |
| 4 | രേഖപ്പെടുത്തിയിട്ടില്ല | കൊമേർഷ്യൽ ബിൽഡിംഗ് | 172 | A3-1262/14 | 29.11.2018 (Valid Upto 28.11.2021) |

( ക്രമ നം. (3) ഒഴികെയുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് 28.11.2021 വരെ മാത്രമാണ് പുതുക്കിയിട്ടുള്ളത്. ) ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/തീയതി.30.09.2023) മറുപടി ലഭ്യമാക്കിയില്ല.

അനുവദിച്ച പെർമിറ്റിൽ അധികരിച്ചുള്ള നിർമാണം, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 220(ബി) -യുടെ ലംഘനം, വന-റവന്യൂ ഭൂമി കൈയ്യേറ്റം തുടങ്ങിയവ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യേണ്ട ഫീൽഡ് സ്റ്റാഫിന്റെ ഭാഗത്തുനിന്നുണ്ടായ അലംഭാവത്തിനും, സമയബന്ധിതമായി കെട്ടിടനിർമാണം ക്രമപ്പെടുത്തി പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കാതിരുന്ന കാര്യനിർവഹണ ഉദ്യോഗസ്ഥരുടെ വീഴ്ചക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഒപ്പം തന്നെ, ഒക്യുപ്പൻസി തീയതി മുതൽ ക്രമവത്ക്കരണ തീയതി വരെ പെർമിറ്റ് ലംഘിച്ചു നടത്തിയ നിർമാണങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235, 2019- ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമാണം) ചട്ടങ്ങൾ (2023-ൽ ഭേദഗതി വരുത്തിയത്) എന്നിവ പ്രകാരം ക്രമവത്ക്കരിക്കാനും നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 വാണിജ്യ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങളനുസരിച്ച് "വാണിജ്യ ആവശ്യം" എന്ന ഉപയോഗക്രമത്തിൽ നികുതി നിർണയിക്കപ്പെട്ട 663 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ഖരമാലിന്യ പരിപാലനപരിപാടികളുടെ പുരോഗതി വിലയിരുത്തുന്നതിന് കില വികസിപ്പിച്ച വാർറൂം പോർട്ടലിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ 420 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2022-2023 സാമ്പത്തിക വർഷം 273 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്ന് ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. കണക്കുകളിലെ പ്രസ്തുത അന്തരത്തിന് കാരണം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ലായെന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ബാധ്യതയുള്ള ഗ്രാമപഞ്ചായത്ത് ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിച്ച നടപടി ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. ഫീൽഡ്തല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെയും ധനകാര്യ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-19 തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക തിരികെ ക്രമീകരിച്ചില്ല

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണത്തിനായി ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്ടുകൾ തനത് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയത് തിരികെ ക്രമീകരിച്ചിട്ടില്ല.

| പ്രൊജക്റ്റ് വിവരങ്ങൾ | ചെലവ് തുക |
|---|---|
| തൊഴിലുറപ്പ് പദ്ധതി സൈറ്റിലേക്ക് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ (35/23) | ₹449764/-<br>₹149856/- ചെക്ക് നം.26352/31.01.2023<br>₹299908/- ചെക്ക്നം.24252/13.06.22 |
| തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് ലാപ്ടോപ്പും പ്രിന്ററും (39/23) | ₹144631/-<br>₹120140/- ചെക്ക്നം.6541554/28.09.22<br>₹24491/- ചെക്ക്നം.28896/24.03.23 |
| ആകെ | ₹594395/- |

തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി തനത്ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക തിരികെ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 വെള്ളക്കരം-പൊതുടാപ്പുകളുടെ സംയുക്തപരിശോധനയ്ക്ക് നടപടികളായില്ല

ജല അതോറിറ്റിയുടെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 124 പൊതുടാപ്പുകളാണുള്ളത്. പ്രസ്തുത ടാപ്പുകളുടെ കുടിവെള്ളക്കരമിനത്തിൽ ₹14559.12/- വാർഷികനിരക്കിൽ പ്രതിമാസം ₹150443/- യാണ് (14559.12x124/12) ജല അതോറിറ്റി നിലവിൽ ഡിമാൻഡ് ചെയ്യുന്നത്. പൊതുടാപ്പുകളുടെ എണ്ണത്തിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ സംയുക്തപരിശോധന നടത്തി കൃത്യത വരുത്താൻ അസി.എക്സി.എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ പീരുമേടുമായി കത്തിടപാടുകൾ നടത്തണമെന്ന് കേരള ജല അതോറിറ്റി എക്സി.എഞ്ചിനീയർ 16.5.2023-ലെ ആർ ഒ-1/20 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തുന്നതിന് തീയതി നിശ്ചയിച്ച് നൽകാൻ അഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എസ്.സി.2/101/23 തീയതി 18.5.2023 പ്രകാരം പീരുമേട് പി.എച്ച്. ഡിവിഷൻ അസി.എക്സി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല. പൊതുടാപ്പുകളുടെ സംയുക്ത പരിശോധനാ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കേണ്ട തുക

കുടിവെള്ളക്കരം കുടിശ്ശികയും, പിഴയും വേണ്ടി ചെലവഴിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

1-21 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

നിർവ്വഹണഉദ്യോഗസ്ഥൻ :-ഹോമിയോ മെഡിക്കൽ ഓഫീസർ

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി ₹150000/- (BRN-22100252010301308471/23-2-2023) ഹോംകോയ്ക്ക് കൈമാറിയിരുന്നു. ആയതിൽ ₹64481/-രൂപയുടെ മരുന്നുകളാണ് സ്ഥാപനം ലഭ്യമാക്കിയത്. അവശേഷിക്കുന്ന ₹85519/-യുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

1-22 മരുന്ന വാങ്ങൽ പദ്ധതി-വിതരണ ഏജൻസി മരുന്ന് പൂർണമായും ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ :- മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വണ്ടിപ്പെരിയാർ

വയോജനങ്ങൾക്ക് മരുന്ന് പാലിയേറ്റീവ് കെയർ ഉൾപ്പെടെ (എസ്.സി.പി.) (എസ് 121/23) എന്ന പ്രോജക്റ്റ് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂറായി ₹300000/- നൽകിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പേര് | കൈമാറിയ തുക, ബിൽ നം./തീയതി | ലഭ്യമായ മരുന്നുകളുടെ മൂല്യം ₹ | ലഭ്യമാകാനവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം ₹ |
|---|---|---|---|
| 121/23 വയോജനങ്ങൾക്ക് മരുന്ന് പാലിയേറ്റീവ് കെയർ ഉൾപ്പെടെ (എസ്.സി.പി.) | ₹300000/- 22100252010201056615/ 18.01.2023 | 261323 | 38677 |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-23 ലൈഫ് ഭവന പദ്ധതി - നിർമ്മാണത്തിൽ പുരോഗതിയില്ല

ധനസഹായം കൈപ്പറ്റി ആറു മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്ന വ്യവസ്ഥ നിലനിൽക്കെ, ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകൾ പ്രകാരം ആദ്യ ഗഡുവായ ₹40000/- കൈപ്പറ്റിയ ശേഷം നിർമ്മാണം യഥാവിധി പൂർത്തീകരിക്കാത്തതിനാൽ തുടർന്നുള്ള ഗഡുക്കൾ ഗുണഭോക്താക്കൾ കൈപ്പറ്റാതെ ഇരിക്കുന്നതായി കാണുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, വെബ് സാംഖ്യ എന്നിവ ആസ്പദമാക്കി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആധാർ | അക്കൌണ്ട് നമ്പർ | ആദ്യ ഗഡു അനുവദിച്ച സാമ്പത്തിക വർഷം | ആദ്യ ഗഡു നൽകിയ തിയതി |
|---|---|---|---|---|---|
| 1 | രമണി | 410728227949 | 30335006511 | 2022-23 | 30.08.2022 |
| 2 | പരമശിവൻ | 356912539530 | 144053000012323 | 2022-23 | 30.08.2022 |
| 3 | സുരേന്ദ്രൻ | 503154402211 | 144053000016143 | 2022-23 | 29.09.2022 |
| 4 | സുപ്പയ്യ | 945039686420 | 30249939330 | 2022-23 | 02.09.2022 |
| 5 | ജയറാണി | 464815693854 | 30429135246 | 2021-22 | 30.03.2022 |
| 6 | വിനിത | 991148873810 | 67262823892 | 2020-21 | 18.08.2020 |
| 7 | ചന്ദനം | 286730286917 | 286730286917 | 2019-20 | തുക കൈപ്പറ്റിയ |

| | | | | | |
|---|---|---|---|---|---|
| | | | | | തീയതി ലഭ്യമല്ല |

നിർമ്മാണ പുരോഗതിയില്ലാത്ത ഭവനങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 4/തീ.30.09.2023) മറുപടി ലഭ്യമാക്കിയില്ല. തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ പുരോഗതി കൃത്യമായി വിലയിരുത്തേണ്ടതാണ്. സബ്സിഡി ആനുകൂല്യം ദുരുപയോഗം ചെയ്ത ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-24 സ്മാർട്ട് ക്ലാസ് റൂമിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ-കരാർ സ്ഥാപനത്തിൽനിന്ന് GST ഈടാക്കിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്<br>പഞ്ചായത്ത് എൽ.പി.സ്കൂൾ, കരടിക്കുഴി |
| പദ്ധതിയുടെ പേര് | എസ് 286/23 കരടിക്കുഴി എൽ.പി. സ്കൂളിലെ സ്മാർട്ട് ക്ലാസ് റൂമിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹300000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹299993/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)<br>BRN No. 2210025200960144295 5/23.03.2023 ₹299993/- |

പ്രസ്തുത പദ്ധതി പ്രകാരം ₹299993/- ചെലവഴിച്ച് GEM മുഖേന കെ എം ടെക്നോളജീസ്, വടവാതൂർ പി.ഒ., കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും സ്മാർട്ട് ക്ലാസ് റൂമിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രതിഫലം നൽകിയ വേളയിൽ ടാക്സ് ഇൻവോയ്സുകൾ (Invoice No.KMR/22-23/2889 Dtd.21.03.2023 ₹249995/-, KMR/22-23/2890 Dtd.21.03.2023 ₹5998/-, KMR/22-23/2891 Dtd.21.03.2023 ₹44000/-) അടിസ്ഥാനമാക്കി തുക കൈമാറുകയാണ് ചെയ്തത്.

2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം ( ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ സൂചിപ്പിച്ച മൂന്ന് ഇൻവോയ്സുകൾ പ്രകാരം (ആകെ തുക- ₹299993/-) കരാർ സ്ഥാപനത്തിന് തുക നൽകിയ വേളയിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിട്ടില്ല. നിയമാനുസൃത വസൂലാക്കലുകൾ നടത്താതെ കരാർ സ്ഥാപനത്തിന് തുക അനുവദിച്ച നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/29.09.2023) നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടിയിൽ, സ്ഥാപനത്തിന് ഈ വിഷയം സംബന്ധിച്ച് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ജി.എസ്.ടി. റിട്ടേണിന്റെ കോപ്പിയും ചെലാനും അവർ ഹാജരാക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി തുക ഒടുക്കിയ വിവരം രേഖാമൂലം അറിയിക്കേണ്ടതും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-25 ഉയർന്ന നിരക്കുള്ളതും സൈറ്റിൽ അനിവാര്യമല്ലാതിരുന്നതുമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി

എ) വാർഡ് 13 – LMS കോളനി റോഡ് കോൺക്രീറ്റിംഗ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ LID & EW |
| പ്രോജക്ട് നം, പേര് | എസ് 183/23 വാർഡ് 13 – LMS കോളനി റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | ₹450000/-(MG(R) ) |
| കരാറുകാരൻ | ശ്രീ. പുണ്യദാസ് .ടി. |
| കരാർ നം. തീയതി | 38/AE/LID&EW/PMD/22-23 Dt.28.01.2023 |
| ഇ-അളവു പുസ്തകം | LSGD/CELSGD/MB/65266/2022-511 |
| ചെലവഴിച്ച തുക | ₹127918/- |
| ബിൽ നം. തീയതി | BRN 22100252014005368 0/DT.28.03.2023 |

നിലവിലുള്ള കോൺക്രീറ്റ് റോഡിലെ ഇളകിയ കോൺക്രീറ്റ് പൂർണമായി നീക്കം ചെയ്ത ശേഷം ശരാശരി ഒരു മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്ത് പ്രതലം വീണ്ടും കോൺക്രീറ്റ് ചെയ്യുന്നതിനുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി

തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്ട്. ഈ പ്രവൃത്തിയുടെ നിർവ്വഹണ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു,

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം നമ്പർ 2 പ്രകാരം ചെയ്യത് ഒരു മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്ത് റോഡിന്റെ കയറ്റം കുറയ്ക്കുക എന്നതാണ്. അതിനായി മലമ്പാതകളിലെ മണ്ണ് നീക്കം ചെയ്യുന്ന 8.3.1.A സ്പെസിഫിക്കേഷനിലുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ നിശ്ചയിച്ചത്. സ്പെസിഫിക്കേഷൻ വിവരങ്ങൾ താഴെ വിവരിക്കുന്നു.

സ്പെസിഫിക്കേഷൻ 8.3.1.A

Earth Work In Hill Road & Il, Br,gt (1) Excavation In Hilly Areas In Soil By Manual Means.(A)Excavation In Soil In Hilly Area By Manual Means Including Cutting And Trimming Of Side Slopes And Disposing Of Excavated Earth With A Lift Upto 1.5M And A Lead Upto 20M As Per Drawing And Technical Specification Clause 1603.1 @ 498.92/M3

ഉയർന്ന ഗ്രേഡിയന്റുള്ള കുന്നിൻചെരുവിൽ മണ്ണ് നീക്കം ചെയ്ത് റോഡ് നിർമിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നതാണ് പ്രസ്തുത സ്പെസിഫിക്കേഷൻ. ഏതാണ്ട് 40 ഡിഗ്രിയിൽ താഴെ മാത്രം ചെരിവുള്ളതും ശരാശരി 3 മീറ്റർ വീതിയുള്ളതുമായ ഒരു റോഡിലെ മണ്ണ് നീക്കം ചെയ്യുന്നതിന് പ്രസ്തുത നിരക്ക് അനിവാര്യമായിരുന്നില്ല. താരതമ്യേന കുറഞ്ഞ നിരക്ക് ബാധകമായ ഇനം DAR-ൽ ലഭ്യമായിരിക്കെ (സ്പെസിഫിക്കേഷൻ നം. 2.6.1) ഉയർന്ന ഇനം ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. പ്രസ്തുത സ്പെസിഫിക്കേഷന്റെ വിവരം ചുവടെ ചേർക്കുന്നു.

## സ്പെസിഫിക്കേഷൻ നം. 2.6.1 (Earthwork Excavation In All Classes Of Soil)

Earthwork Excavation By Mechanical Means/ (Hydraulic Excavator ) Manual Over Areas (Exceeding 30 Cm In Depth, 1.5M As Well As 10M2 On Plan) Including Getting Out And Disposal Of Excavated Earth Lead Upto 50M And Lift Upto 1.5M As Directed By Engineer In Charge.All Classes Of SoiL

| | |
|---|---|
| അടിസ്ഥാന നിരക്ക് ( 2018-ലെ DAR പ്രകാരം) | ₹205.45 |
| ബാധകമായ COST INDEX ( 41.53%) | ₹85.32 |
| ആകെ | ₹290.77/M3 |

തെറ്റായ ഇനം ഉപയോഗപ്പെടുത്തിയതിനാൽ താഴെ പറയും വിധം അധിക ചെലവ് ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| ചെയ്ത അളവ് | സ്പെസിഫിക്കേഷൻ 8.3.1.A പ്രകാരം നൽകിയ തുക (₹498.92/M3 + 18% GSTനിരക്കിൽ) | സ്പെസിഫിക്കേഷൻ2.6.1 ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ വരുമായിരുന്ന ചെലവ് (₹290.77/M3 + 18% GSTനിരക്കിൽ) | അധികം ചെലവഴിച്ചത് |
|---|---|---|---|
| 148.187M3 | 73933 + 13307 = 87240 | 43088 + 7756 = 50844 | 30845 + 5551 = 36396 |

ഒന്നാം പാർട് ബില്ലാണ് കരാറുകാരന് അനുവദിച്ചത്. തുടർന്ന് പ്രവൃത്തിയൊന്നും നടന്നിട്ടില്ലായെന്ന് സൈറ്റ് നേരിട്ട് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തുക വഴി അധികത്തുക അനുവദിച്ച വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 07/തീ. 30.09.2023) മറുപടി ലഭ്യമാക്കിയില്ല.

## ബി) ഫാത്തിമാനഗർ റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ LID & EW |
| പ്രോജക്ട് നം, പേര് | എസ് 181/23 ഫാത്തിമാനഗർ റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം |
| അടങ്കൽ | ₹3,00,000/- MG(R) |
| കരാറുകാരൻ | ശ്രീ. ആർ. ബാലചന്ദ്രൻ (എസ്റ്റിമേറ്റ് നിരക്ക്) |
| കരാർ നം. തീയതി | 39/AE/LID&EW/PMD/2022-23 DT. 31.01.2023 |
| ഇ-അളവ് പുസ്തകം | LSGD/CELSGD/MB/58147/2022-511 |
| ചെലവഴിച്ച തുക | ₹263000/- ബിൽ നം. 22100252014001547042/28.03.2023<br>₹29488/- ബിൽ നം. 23100252014000503226/ 26.08.2023 |

ഫാത്തിമാ നഗറിലേക്കുള്ള ഗ്രാമപഞ്ചായത്ത് വക റോഡിൽ 10.5 M നീളത്തിലും 1.3 M വീതിയിലും 30CM ഘനത്തിലുമുള്ള കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമിക്കുന്നതിന് 2021-22 സാമ്പത്തികവർഷം തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഇനം 6 ആയി ഉൾപ്പെടുത്തിയത് സംരക്ഷണ ഭിത്തിയുടെ ഉൾവശം മണ്ണുപയോഗിച്ച് നിറച്ച് നിരപ്പാക്കുക എന്ന പ്രവൃത്തിയാണ്. അതിനായി തെരഞ്ഞെടുത്തിട്ടുള്ളത് PRICE ലെ ഇനം 12.10.1 എന്ന സ്പെസിഫിക്കേഷനാണ്. അതിന് ബാധകമായ നിരക്ക് ₹3040/M3.

സ്പെസിഫിക്കേഷൻ 12.10.1

Backfilling Behind Abutment,wing Wall And Return Wall Complete As Per Drawings & Amp, Technical Specification Clause 1204.3.8 <,Br & Gt, I ) Granular Material. @ ₹3040/M3

ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ഇത് കലുങ്ക്, പാലം തുടങ്ങിയവയുടെ വശങ്ങളും അപ്രോച്ച് റോഡും മണ്ണിട്ട് നികത്തുന്നതിന് ഉപയോഗിക്കുന്ന സ്പെസിഫിക്കേഷനാണെന്ന് കാണാവുന്നതാണ്. പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായിരുന്നത് ട്രഞ്ചുകൾ, പ്ലിന്ത്, ഫൗണ്ടേഷനുകളുടെ സൈഡുകൾ എന്നിവ ഫിൽ ചെയ്യുന്നതിനുള്ളതുമായ 2.25 എന്ന താരതമ്യേന നിരക്കു കുറവുള്ള സ്പെസിഫിക്കേഷനാണ്.

സ്പെസിഫിക്കേഷൻ 2.25

Filling With Contractors Own Earth (Excluding Rock) In Trenches, Plinths, Sides Of Foundations Etc, In Layers Not Exceeding 20cm In Depth, Consolidating Each Deposited In Layer By Ramming And Watering, Lead Upto 50M And Lift Upto 1.5M @ 253.95 + Cost Index 41.53 =₹359.41/M3

ചെറിയ വിസ്തീർണമുള്ളതും, ഭാര വാഹനങ്ങളുടെ ഗതാഗതത്തിന് വിധേയമാകാത്തതുമായ പ്രതലങ്ങളുടെ ഫില്ലിംഗിനായി DAR-ലെ ഇനം 2.25 ഉപയോഗപ്പെടുത്താമെന്നിരിക്കെ ഇനം 12.10.1 ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ഇത്തരത്തിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയതു മൂലം പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ചെയ്ത അളവ് | സ്പെസിഫിക്കേഷൻ 12.10.1 പ്രകാരം നൽകിയ തുക (₹3040.76/M3 + 18% GSTനിരക്കിൽ) | സ്പെസിഫിക്കേഷൻ2.25 ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ വരുമായിരുന്ന ചെലവ് (₹359.41/M3 + 18% GSTനിരക്കിൽ) | അധികം ചെലവഴിച്ചത് |
|---|---|---|---|
| 12.274 M3 | 37322 + 6718 =44040 | 4411 + 794 = 5205 | 32911 + 5924 = 38835 |

തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തുക വഴി അധികത്തുക അനുവദിച്ച വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 08/തീ. 30.09.2023) മറുപടി ലഭ്യമാക്കിയില്ല.

ആകെ അധികം അനുവദിച്ച തുക (എ) + (ബി) = 36396 + 38835 = ₹75231

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ ധനകാര്യവകുപ്പിന്റെ (സാങ്കേതിക പരിശോധനാ വിഭാഗം) 19.09.2016-ലെ 78/2016 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. സാങ്കേതികമായി സൈറ്റിൽ ആവശ്യമില്ലാത്തതും ഉയർന്ന മൂല്യമുള്ളതുമായ ഇനങ്ങൾ ഉൾപ്പെടുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തന്മൂലം പൊതുപണത്തിന്റെ ദുർവ്യയത്തിന് കാരണമാകുന്നുവെന്നും അതിനാൽ സ്റ്റാന്റേർഡ് ഡാറ്റായിലെ ഇനങ്ങളുടെ നിരക്ക് വിശകലനം ചെയ്തും താരതമ്യം ചെയ്തും ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതെന്ന് പ്രസ്തുത സർക്കുലറിന്റെ 6-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം മറികടന്ന് എസ്റ്റിമേറ്റിൽ ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയ അസി.എൻജിനീയറും അത് അംഗീകരിച്ച് സാങ്കേതിക അനുമതി നൽകിയ അസി. എക്സി. എൻജിനീയറുമാണ് ഗ്രാമപഞ്ചായത്ത് ഫണ്ടിന് സംഭവിച്ച നഷ്ടത്തിന് ഉത്തരവാദികൾ. ആയതിനാൽ പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കാത്ത പക്ഷം ഉത്തരവാദികളായ

മേൽപരാമർശിത ഉദ്യോഗസ്ഥരിൽ നിന്ന് തുല്യമായി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-26 തെപ്പക്കുളം ഗവ. എൽ.പി.എസ് നവീകരണം- എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം ചെയ്യാതെ തന്നെ പ്രതിഫലം അനുവദിച്ചു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനീയർ LID & EW |
| പ്രോജക്റ്റ് നം, പേര് | S284/2023 |
| അടങ്കൽ തുക, ഫണ്ട് | ₹184200/- ( MG(NR) ) |
| കരാറുകാരന്റെ പേര് | ശ്രീ. കെ. രമേശ് |
| കരാർ നം. തീയതി | 08/AE/LID &EW/PMD/22-23 DT.21.11.2022 |
| അളവു പുസ്തകം | 52/22-23 |
| ചെലവഴിച്ച തുക | ₹182847/- |
| ബിൽ നം. തീയതി | 221002000000015234/ DT.25.02.2023 |

തെപ്പക്കുളം ഗവ. എൽ.പി. സ്കൂളിലെ ക്ലാസ്സ് മുറികൾ വൈദ്യുതീകരിക്കുന്നതിന് തയ്യാറാക്കിയതാണ്, പ്രസ്തുത പ്രോജക്റ്റ്. ഇതിന്റെ ഇനം 6 -ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത് -Supply And Fixing Of 400mm Sweep Wall Mounting Fans 03 Nos. @ ₹1700/- Each (OD1724220/2021-22) എന്ന പ്രവൃത്തി ആയിരുന്നു. അളവു പുസ്തകം പേജ് 16-ൽ പ്രസ്തുത ഇനം നിർവഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഫാനുകൾ ഘടിപ്പിച്ചിട്ടില്ലായെന്ന് ബോദ്ധ്യമായി. യഥാർത്ഥത്തിൽ ചെയ്യാത്ത ഇനം നിർവഹിച്ചതായി രേഖപ്പെടുത്തുകയും അത് ഉപരിപരിശോധനയിൽ സ്ഥിരീകരിക്കുകയും ചെയ്ത ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ (DLTCE) ഭാഗത്തു നിന്ന് ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈയിനത്തിൽ സംഭവിച്ച നഷ്ടം ₹5100/- (1700 X 3) + GST ₹918/- ഉൾപ്പടെ ആകെ ₹6018/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദികളായ DLTCE അംഗങ്ങളിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-27 തോട്ടാപ്പുര മാലിന്യ സംസ്കരണ പ്ലാന്റിൽ കുടിവെള്ള ടാങ്ക് നിർമാണം- ടാങ്ക് നിർമ്മിച്ചതിൽ പ്രോജക്റ്റ് അവസാനിച്ചു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനീയർ LID & EW |
| പ്രോജക്റ്റ് നം, പേര് | S214/2023 |
| അടങ്കൽ തുക, ഫണ്ട് | ₹300000/- ( CFC(Tied) ) |
| കരാറുകാരന്റെ പേര് | ശ്രീ. കെ. ഷാജി |
| കരാർ നം. തീയതി | 117/AE/LID &EW/PMD/21-22 DT.22.2.2022 |
| അളവു പുസ്തകം | 675/21-22 |
| ചെലവഴിച്ച തുക | ₹267096/- |
| വൗച്ചർ നം. തീയതി | XVFC/22-23/P/34/ DT.27.04.2022 |

തോട്ടാപ്പുര മാലിന്യപ്ലാന്റിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കാവശ്യമായ ശുദ്ധജലം കേരള ജല അതോറിറ്റിയുടെ വിതരണ പൈപ്പ് ലൈനിൽ നിന്ന് സംഭരിച്ച ശേഷം പ്ലാന്റിലേക്കെത്തിക്കുന്നതിന് ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്റ്റ്. ഇതിന്റെ ആദ്യഘട്ടമായി, പീരുമേട് – പ്ലാക്കത്തടം റോഡിലുള്ള തോട്ടാപ്പുരയിൽ, മുൻപ് കോടതി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ

പരിസരത്ത് 2.05 M ഉയരവും X 2M വ്യാസവും X 20CM ഭിത്തി ഘനവുമുള്ള ഒരു കോൺക്രീറ്റ് ടാങ്ക് 2021-22 സാമ്പത്തികവർഷം നിർമിച്ചു. പ്രവൃത്തി മുൻവർഷം പൂർത്തീകരിച്ചുവെങ്കിലും ട്രഷറി നിയന്ത്രണം മൂലം തൻവർഷമാണ് കരാറുകാരന് തുക അനുവദിച്ചത്. എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന പെയിന്റിംഗ്, ശിലാഫലക സ്ഥാപനം എന്നിവയൊഴികെയുള്ള പ്രവൃത്തികളാണ് മേൽ പരാമർശിച്ച പ്രോജക്ടിലൂടെ നിർവഹിച്ചത്. ടാങ്ക് നിർമാണം പൂർത്തിയായെങ്കിലും ജീവനക്കാർക്ക് ജലം ലഭ്യമാകുന്ന രീതിയിൽ ജല അതോറിറ്റി പൈപ്പ് ലൈനിൽ നിന്ന് കുടിവെള്ളം ടാങ്കിലേക്കെത്തിക്കുന്നതിനും, അവിടെ നിന്ന് പ്ലാന്റിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ച് ലഭ്യമാക്കുന്നതിനും പര്യാപ്തമായ ഇനങ്ങൾ ഉൾപ്പെടുത്തി 2022-23 -ലോ നടപ്പ് സാമ്പത്തിക വർഷമോ ഒരു പ്രോജക്ട് ആസൂത്രണം ചെയ്തിട്ടില്ല. ഫലത്തിൽ ₹267096/- ചെലവഴിച്ച് നിർമിക്കപ്പെട്ട ടാങ്ക് ഒരു നിഷ്ക്രിയ ആസ്തിയായി പരിണമിച്ചു. പ്രത്യേക ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച പ്രോജക്ട് പാതിയാക്കി ഉപേക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. പൂരകമായ പ്രോജക്ടിനാവശ്യമായ പദ്ധതി നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നിർദ്ദേശിക്കാതിരുന്ന നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ഈ വിഷയത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പ്രോജക്ട് യഥാവിധി പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ലക്ഷങ്ങൾ വിനിയോഗിച്ച് പൂർത്തീകരിച്ച നിർമിതി നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നതിനാൽ അതിനു വേണ്ടി വന്ന ₹267096/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 നിക്ഷേപ -ഫണ്ട് കൈമാറൽ പ്രോജക്ടുകൾ-വിനിയോഗ വിവരം ലഭ്യമായില്ല

ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്ടുകൾക്കായി നിർവ്വഹണ ഏജൻസികളിൽ/ സ്ഥാപനങ്ങളിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.

| പ്രൊജക്ട് | നിർവ്വഹണ ഏജൻസി | നിക്ഷേപ തുക ₹ | ചെക്ക്നം./ ബിൽ വിവരങ്ങൾ |
|---|---|---|---|
| പ്ലാക്കത്തടം എസ്.റ്റി. കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് (289/23) | അനർട്ട് | 202400 | 1)ചെക്ക്.നം. 28873/23-3-2023, ₹152400/-<br>2)BRN22100252003201141996, 6-2-23 ₹50000/- |
| പ്ലാക്കത്തടം എസ്.റ്റി. കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് (258/23) | അനർട്ട് | 202400 | 1)ചെക്ക് നം. XY 6541563/ 7-12-2022, ₹142400/-<br>2) BRN22100252003200861011, 3-12-2022 ₹60000/- |
| സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (310/23) | അനർട്ട് | 2000000 | XVFC/22-23/P/98, 7-3-2023 |
| എസ്.എസ്.എ വിഹിതം(117/23) | ബി.ആർ.സി, പീരുമേട് | 655984 | ചെക്ക് നം. 26157/28.9.2022 |
| ആകെ | | 3060784 | |

കൈമാറിയ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഉയർന്ന നിരക്കുള്ളതും സൈറ്റിൽ അനിവാര്യമല്ലാതിരുന്നതുമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലം പഞ്ചായത്തിന് നഷ്ടം

ഉയർന്ന നിരക്കുള്ളതും സൈറ്റിൽ അനിവാര്യമല്ലാതിരുന്നതുമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലം ചുവടെ ചേർക്കുന്ന രണ്ട് പ്രവൃത്തികൾ നടപ്പാക്കിയതുമൂലം പഞ്ചായത്തിന് നഷ്ടമുണ്ടായി.

1) 13-ാം വാർഡിലെ LMS കോളനി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിൽ, ചെറിയ ചരിവ് മാത്രമുള്ള (40 ഡിഗ്രിയിൽ താഴെ ഗ്രേഡിയന്റ്) ശരാശരി 3 മീറ്റർ പരമാവധി വീതിയുള്ളതുമായ റോഡിലെ മണ്ണ് നീക്കുന്നതിന് DAR കുറഞ്ഞ നിരക്കുള്ള ഇനം 2.6.1 (Cost Index ഉൾപ്പെടെ ₹290.77/$m^3$) ഉപയോഗിക്കുന്നതിന് പകരം ഉയർന്ന ഗ്രേഡിയന്റുള്ള കുന്നിൻ ചെരുവിൽ മണ്ണ് നീക്കം ചെയ്ത് റോഡ് നിർമ്മിക്കുന്നതിനുള്ള ഇനം 8.3.1.A (Cost Index ഉൾപ്പെടെ ₹489.92/$m^3$ ഉപയോഗിച്ചതിനാൽ പഞ്ചായത്തിന് ₹36396/- നഷ്ടമുണ്ടായി.

2) ഫാത്തിമ നഗർ റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയിൽ DAR ലെ ഇനം. 2.25 (Cost Index ഉൾപ്പെടെ ₹359.41/$m^3$, ചെറിയ വിസ്തീർണ്ണമുള്ളതും, ഭാരവാഹനങ്ങളുടെ ഗതാഗതം ഇല്ലാത്തതുമായ റോഡുകൾക്ക്)- ന് പകരം കലുങ്ക്, പാലം തുടങ്ങിയവയുടെ വശങ്ങളും അപ്രോച്ച് റോഡും മണ്ണിട്ട് ഉറപ്പിക്കുന്നതിനുള്ള ഇനം 12.10.1 (Cost Index ഉൾപ്പെടെ ₹3040/$m^3$) ഉപയോഗിച്ചതിനാൽ പഞ്ചായത്തിന് ₹38835/- നഷ്ടമുണ്ടായി.

ഈ അപാകത സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-25 ൽ ചേർത്തിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക 1-25 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-9 (ബി)-യിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ₹75231/- (36396 + 38835) ഉത്തരവാദികളാണ്. പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

### 3-2 തെപ്പക്കുളം ഗവ. എൽ.പി.എസ്. നവീകരണം- എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം ചെയ്യാതെ തന്നെ പ്രതിഫലം അനുവദിച്ചതുമൂലം പഞ്ചായത്തിന് നഷ്ടം

തെപ്പക്കുളം ഗവ. എൽ.പി. സ്കൂളിലെ ക്ലാസ്സ് മുറികൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഇനം.6 ആയി ഉൾപ്പെടുത്തിയിരുന്ന മൂന്ന് Wall Mounting Fan- കൾ നിർവഹിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി പ്രതിഫലം അനുവദിച്ചുവെങ്കിലും ഫാനുകൾ ഘടിപ്പിച്ചിട്ടില്ല. ഈ ഇനത്തിൽ ചെലവഴിച്ച ₹6018/- (1700x 3 + GST 918) പഞ്ചായത്തിന് നഷ്ടമായി.

ഈ അപാകത സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-26 ൽ ചേർത്തിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക 1-26 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-9 (ബി)-യിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികളാണ്. പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-2023 | 40000 | ലൈഫ് സുവർണ്ണ പദ്ധതി | 40000 | തുക മാപ്പിംഗ് വഴി ഗുണഭോക്താക്കളുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | അക്കൌണ്ടിലേക്ക് നല്കി |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-2023 | 88600 | ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 86600 | തുക മാപ്പിംഗ് വഴി ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നല്കി |
| അഴുത ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 175000 | ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 175000 | തുക മാപ്പിംഗ് വഴി ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നല്കി |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക/റിമാർക്സ് |
|---|---|---|---|---|---|
| അനേർട്ട് | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (01/2022-23) | XVFC/2022-23 /P/57/19.08.2022 | 1400025/- | 1333750/- | 66275/- |
| അനേർട്ട് | സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (310/2022-23) | XVFC/2022-23 /P/98/07.03.2023 | 2000000/- | -- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| അനേർട്ട് | പ്ലാക്കത്തടം കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (89/2023) | ചെക്ക് നമ്പർ – 28873/23.032023 | 152400/- | 152400/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| | | ബി.ആർ.എൻ 22100252003201141996/ 06.02.2023 | 50000/- | 50000/- | |
| അനേർട്ട് | പ്ലാക്കത്തടം കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (258/2023) | ചെക്ക് നമ്പർ – XY 6541563/ 07.12.2022 | 142400/- | 142400/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| | | ബി.ആർ.എൻ 22100252003201141996/ 06.02.2023 | 60000/- | 60000/- | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലൈഫ് വായ്പയിനത്തിൽ ₹ 12520000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻ വർഷം എടുത്ത വായ്പ തുക ₹ | ആകെ അടയ്ക്കാനുള്ള വായ്പാ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുതൽ ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി- കെ.യു.ആർ.ഡി എഫ്.സി | ജി.ഒ.എം.എസ്. നം. 68/2018/ തസ്വഭവ./തീ.18.08.2018 | 76746214 | 12520000 | 89266214 | 9184675 | - | 80081539 |

| | | | | | | | |
|---|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | 296625/ഡി.ബി.1/ 15/തസ്വഭവ/ തീ.29.09.2015 തുക ₹1,80,00,000/- | 6299380 | - | 6299380 | 1800000 | - | 4499380 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹300000 |
| തൻവർഷം നിക്ഷേപിച്ച തുക | ₹2000000 |
| ആകെ | ₹5000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹5000000 |

വർഷവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 01.04.2023 (പുതുക്കിയത്) | 2 വർഷം | ₹1500000 | നം.0423 |
| പാമ്പനാർ സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്ക് | 24.03.2022 | 1വർഷം | ₹1500000 | നം-30200000932627 |
| പാമ്പനാർ സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്ക് | 11.05.2022 | 1വർഷം | ₹1000000 | നം-302000001232627 |
| പാമ്പനാർ സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്ക് | 08.08.2022 | 6 മാസം | ₹1000000 | നം-302000129632627 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹93168/- യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2020-21 | 1-17(3) | 16,043/- | ശ്രീ. സിറാജ് പി. റഹീം (കരാറുകാരൻ) | 1220302876 / 29.03.2023 |
| 2020-21 | 1-17(1) | 77,125/- | ശ്രീ. ശിവരാജൻ ബി. (കരാറുകാരൻ) | 1220302982 / 31.03.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 6-3(i) | വനിത ബ്യൂട്ടിപാർലർ - അപാകതകൾ - അനധികൃത ചെലവ് അംഗീകരിക്കുന്നില്ല | -- |
| 2005-06 | 2-13 | 2009-10 | 2-6 | പാമ്പനാറിലെ ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം - ₹8,633/- | -- |
| 2006-07 | 3-1 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | -- |
| 2010-11 | 3-2 | 2013-14 | 4-7 | പണിപൂർത്തീയാക്കാതെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ₹50,64,425/- പാഴ്ചെലവ് | പ്രോജക്ടിൽ തുക വകയിരുത്തി പണി പൂർത്തീകരിച്ച് വരുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടികളുടെ വിവരം
– ഇല്ല –

(ബി) സർചാർജ് നടപടികളുടെ വിവരം

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാര ങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാ ക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | ആകെ ലഭിച്ച തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2003-04 | 2-6 | പി. എസ്. മുഹമ്മദ് സലിം | -- | 30647 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30647 | |
| 2 | 1997-98 | 22(ബി), 23(ബി) | ബി. നോബർട്ട്, സെക്രട്ടറി | എൽ.എഫ്. 5912/ എസ്.സി 2/2001 തി. 4.12.04 | 810+ 20024 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 810+ 20024 | |
| 3 | 1998-99 | 22, 23 (ബി), 24 (എ), 25(1), (2) | ബി. നോബർട്ട്, സെക്രട്ടറി | എൽ.എഫ്. 11041/ എസ്.സി 2/2002 തി.24.2.03 | 71109 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 71109 | |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹22324666/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹62540532/- |
| ഒട്ടാകെ | ₹84865198 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 59076320/- |
| തൻവർഷത്തെ നീക്കിയിരിപ്പ് | ₹25788878/- |
| (കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23 ലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്.) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹81249/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3327880/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നിരാകരിച്ച തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 75231 | ശ്രീ. ടി. സ്റ്റീഫൻ, അസി. എൻജിനീയർ LID &EW (₹37616/-)<br>ശ്രീ. കെ.എം. ഉഷാനന്ദൻ, അസി. എക്സി. എൻജിനീയർ LID &EW (₹37615/-) |
| 3-2 | 6018 | ശ്രീ. കെ.എ. എബ്രഹാം, DLTCE അംഗം (₹3009/-)<br>ശ്രീ. ശശി. ബി. മറ്റം DLTCE അംഗം (₹3009/-) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 267096 | ശ്രീ. ടി. സ്റ്റീഫൻ, അസി. എൻജിനീയർ, LID &EW |
| 1-28 | 3060784 | ശ്രീ. അനിൽകുമാർ. എസ്.എൽ., ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 1-15, 1-16, 1-17, 1-18

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി. സ്റ്റീഫൻ, അസി. എൻജിനീയർ | അസി. എൻജിനിയർ LID &EW<br>പീരുമേട് ഗ്രാമപഞ്ചായത്ത് | വടക്കേക്കര പുത്തൻവീട്,<br>ചെറുമൂട് ,വെള്ളിമൺ പി.ഒ<br>കൊല്ലം 691511 |
| ശ്രീ. കെ.എം. ഉഷാനന്ദൻ, അസി. എക്സി. എൻജിനീയർ | അസി. എക്സി. എൻജിനിയർ LID &EW<br>അഴുത ബ്ലോക്ക് പഞ്ചായത്ത് | കിഴക്കൻവീട്<br>കെ.എസ്.ഇ.ബി സബ്സ്റ്റേഷന് എതിർവശം<br>കട്ടപ്പന, ഇടുക്കി |
| ശ്രീ. അനിൽകുമാർ എസ്.എൽ. ഗ്രാമപഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി<br>ചക്കുപള്ളം ഗ്രാമപഞ്ചായത്ത് | വൃന്ദാവനം,<br>തേങ്ങാക്കൽ, വണ്ടിപ്പെരിയാർ.പി.ഒ<br>ഇടുക്കി- 685538 |
| ശ്രീ. കെ.എ. എബ്രഹാം, DLTCE അംഗം | DLTCE അംഗം ഇടുക്കി ജില്ല | കിളിച്ചമലയിൽ, മണക്കാട് പി.ഒ., തൊടുപുഴ, ഇടുക്കി |
| ശ്രീ. ശശി. ബി. മറ്റം DLTCE അംഗം | DLTCE അംഗം ഇടുക്കി ജില്ല | |

4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. | റിമാർക്ക്സ് |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ.6-55/99/15.01.2000 | 15 | 3,4,5,8,12,15,16, 17,18,20, 21,22,23,24,25 |
| 1996-1997 | എൽ.എഫ്.ഐ.6-147/98/ 20.11.1998 | 29 | 17,18,19,20,21, 22,23, 29(1,2), 30,31,32,33, 34,35,36,37, 38,39, 40,41,42,43-50 |
| 1997-1998 | എൽ.എഫ്.ഐ.6-213/2000/ 09.06.2000 | 12 | 21,22(a,b),23(a,b), 24,25,26, 27,28,31,32,34,37 |
| 1998-1999 | എൽ.എഫ്.ഐ.6-495/2000/ 29.08.2000 | 19 | 21,22,23(b,c), 24(a,b),25(1,2) 26,27,29,30,40 |
| 1999-2000 | എൽ.എഫ്.ഐ.6-6661/05.10.2001/ 05.04.2002 | 22 | 9,13,14,20, 21(1,2),22-38 |
| 2000-2001 | എൽ.എഫ്.ഐ.6-121/02/20.07.02/ 11.12.02 | 39 | 9,13,14,20(a,b), 21(b),23(a), 26(a,b),27, 28-54,57-60 |
| 2001-2002 | എൽ.എഫ്.ഐ.6-696/03/25.02.04/ 10.06.04 | 39 | 3-41 |
| 2002-2003 | എൽ.എഫ്.ഐ.6-12/05/10.07.05/ | 23 | 2.4,2.5,2.6,2.7, |

| | | | |
|---|---|---|---|
| | 05.11.05 | | 2.8,3.1,<br>3.2,3.3-3.14,<br>3.16,3.17 |
| 2003-2004 | എൽ.എഫ്.ഐ.6-175/07/15.02.07/<br>31.07.07 | 15 | 2.1,2.2,2.3, 2.4, 2.5, 2.6, 3.1-3.8, 4.3 |
| 2004-2005 | എൽ.എഫ്.ഐ.6-949/07/12.03.08/ 05.04.08 | 20 | 2.2, 2.4-2.12, 3-1-3.9, 4.3 |
| 2005-2006 | എൽ.എഫ്.ഐ.8-1019/08/04.08.09/ 08.02.10 | 24 | 2.3-2.11,3.1-<br>3.13, 4.2,4.3 |
| 2006-2007 | എൽ.എഫ്.ഐ.8-19/10/14.09.10/<br>29.10.10 | 4 | 3-1, 3-11, 3-13, 3-14 |
| 2007-2008 | എൽ.എഫ്.ഐ.8-1264/10/13.10.11/<br>14.11.11 | 4 | 3-10, 3-13, 3-15, 3-18 |
| 2008-2009 | എൽ.എഫ്.ഐ.8-1231/11/10.02.12/<br>10.05.12 | 2 | 3-6, 3-10 |
| 2010-2011 | എൽ.എഫ്.ഐ.8-328/13/03.05.13/ 09.07.13 | 1 | 3-2 |
| 2011-2012 | എൽ.എഫ്.ഐ.8-1272/13/06.11.13/<br>19.04.13 | 6 | 2-2(എ), 3-1, 3-3, 3-6, 3-7, 3-8 |
| 2012-2013 | എൽ.എഫ്.ഐ.8-536/14/30.06.14/ 04.10.14 | 6 | 3-7, 3-8, 3-9, 3-10, 3-13, 3-16 |
| 2013-2014 | എൽ.എഫ്.ഐ.8-794/13/06.08.2015 | 1 | 3-9 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 8/646/2016<br>തി.2.6.2016 | 6 | 3-6, 3-7, 3-9, 3-10, 3-14(2), (3), 3-19 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.8/1550/2016/<br>തീ.8.10.2016 | 3 | 2-1, 2-2, 3-1 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.8/1057/2017 തീയതി<br>14.08.2017 | 6 | 2-2, 3-1, 3-4, 3-6, 3-15, 3-18 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.8/1223/2018 തീയതി<br>28.11.2018 | 7 | 2-1, 2-2, 2-4 (ബി), 3-3, 3-4, 3-6,<br>3-7 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-8/205/2020<br>തീയതി 25.05.2020 | 12 | 1-13, 1-14, 1-19, 1-20(3-1), 1-22, 1-23,<br>1-25, 1-26, 1-27, 1-36, 1-41, 1-47 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-8/125/22 തീയതി<br>10/03/2022 | 21 | 1-10 മുതൽ 1-26 വരെയും, 2-1, 2-2,<br>3-1, 3-2 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-8/894/22 തീയതി<br>30.07.2022 | 16 | 1-9 മുതൽ 1-23 വരെയും 1-25 |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ-പി 2 /236/23<br>തീയതി 28.04.2023 | 32 | 1-1 മുതൽ 1-27 വരെയും 3-1 ഉം |

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Peermade Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Peermade Grama Panchayat for the year 2022-2023

Date: 28/11/2023

Deputy Director(H.G)
District Office Idukki
Kerala State Audit Department

### Audit Report appended to the Audit Certificate of Peermade Grama Panchayat for the Year 2022-2023.

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.
2. Non disclosure of Assets. Asset register is not comprehensive and uptodate.

**2.Other Observations**

1. Cash flow statement Net increase/decrese in cashflow does not match with the difference between the opening balance and clossing balance of cash and cash equivalents.
2. Misclassification of Receipt Voucher.
3. Directly credited in bank account. The amount not taken into accounts.
4. Payment voucher misclassification. Advance amount paid is included in accounts as expenditure.
5. The registers, viz., advance register, ACR etc., are not maintained correctly and or does not match with accounts or not reliable for audit.
6. Lapses in making timely and accurate demand entries in respect of tax and nontax revenue.
7. Lack of authenticated journal vouchers for supporting the adjustment entries recorded, and those recorded in Prior Period Items.
8. The Demand Register are not periodically reconciled with accounts.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്